31
2024
ജനുവരി
ബുധൻ
മകരം 17

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.119 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-119 പേജ് 4. വില 2.00 രൂപ




02 മൾട്ടിപർപ്പസിനായി 39 അത്യാധുനിക ഐസൊലേഷൻ വാർഡുകൾ കൂടി

03 കന്നിയാത്ര വൈകും; കേരളത്തിൽനിന്ന് അയോധ്യയിലേക്കുള്ള ട്രെയിൻ സർവീസ് ഇന്നില്ല

04 ഗർഭിണിയെ ഭർത്താവ് ബസിൽനിന്നു തള്ളിയിട്ടു കൊന്നു

# കടലിലെ നിറവ്യത്യാസം: ആശങ്കയിൽ മത്സ്യത്തൊഴിലാളികൾ



പേരൂർക്കട: ശംഖുംമുഖത്ത് കടൽവെള്ളത്തിനു നിറവ്യത്യാസം വന്നിട്ട് വർഷങ്ങളായെങ്കിലും ഇപ്പോഴും മത്സ്യത്തൊഴിലാളികൾക്ക് ത്വക്കുരോഗങ്ങളും അനുബന്ധ അസുഖങ്ങളും വരുന്നതായാ പരാതി. ഫാക്ടറികളിൽ നുന്നുള്ള ആസിഡ് മാലിന!്യം കടൽവെള്ളത്തിൽ കലരുന്നതാണ് കാരണമെന്നാണ് നാട്ടുകാർ പറയുന്നത്.

കടൽവെള്ളത്തിന് നിറം മാറ്റം തുടങ്ങിയിട്ട് ഏകദേശം 40 വർഷമായി. കുടിവെള്ളത്തിനായി വീടുകൾക്കു സമീപം കിണർ കുഴിച്ചാൽ കിട്ടുന്നത് ആസിഡ് കലർന്ന വെള്ളമായതോടെ കിണർവെള്ളം ഉപയോഗിക്കുന്നത് പ്രദേശവാസികൾ നിർത്തിയതായും പറയപ്പെടുന്നു. അഞ്ചു വർഷത്തിനുമുമ്പ് പ്രദേശത്തു വാട്ടർഅഥോറിറ്റി കുടിവെള്ള പൈപ്പുകൾ സ്ഥാപിച്ചു. തീരത്തെ തൊഴിലാളി കുടുംബങ്ങൾ വറുതിയിലായതോടെ ശംഖുംമുഖം തീരത്തുനിന്ന് മത്സ്യബന്ധനത്തിന് പോകുന്നവർ വിരലിലെണ്ണാവുന്നവർ മാത്രം.

പ്രദേശത്തു കടലിൽ രാസമാലിന!്യം കലർന്നതോടെ ചെറു വള്ളങ്ങളുമായും മത്സ്യബന്ധനത്തിന് പോകുന്നവർക് ശാരീരിക പ്രശ്നങ്ങൾ ഉണ്ടാകുന്നതായി പരാതി പറയുന്നു. ഇപ്പോൾ കുട്ടികൾ ഉൾപ്പെടെയുള്ളവർ കടൽത്തീരത്ത് തിരയുടെ സമീപം വരുന്നത് സുരക്ഷാ ഉദ്യോഗസ്ഥർ വിലക്കുന്നുണ്ട്. ഇപ്പോൾ ദൂരെനിന്ന് കടൽ ആസ്വദിക്കാനാണ് ഇവരുടെ യോഗം. തിരയടിച്ചു കയറുന്ന അവസരങ്ങളിൽ തീരത്ത് വലകൾ ഇട്ടിരുന്നാൽ അവയ്ക്ക് നിറം മാറ്റം ഉണ്ടാകുന്നതായും മത്സ്യത്തൊഴിലാളികൾ പറയുന്നു. നിരന്തരം വലയിൽ വെള്ളമടിച്ചു കയറിയാൽ ഇവ ദ്രവിച്ചു തുടങ്ങുകയും ചെയ്യും.

വെള്ളത്തിന്റെ സാമ്പിൾ അധികൃതർ ശേഖരിച്ചിട്ടുണ്ട്. ഇത് കൂടുതൽ പരിശോധിച്ചുവരികയാണ്. മലിനീകരണത്തെ തുടർന്നാണ് കടലിന് നിറവ്യത്യാസമുണ്ടാകാൻ കാരണമെന്നും മഴവെള്ളവും കടൽവെള്ളവും കൂടിച്ചേരുമ്പോൾ ഇത്തരത്തിൽ നിറവ്യത്യാസമുണ്ടാകുന്നതായും ചെയർമാൻ പറഞ്ഞു. മത്സ്യത്തൊഴിലാളികൾ ഭയക്കേണ്ടതില്ലെന്നും യാതൊരു വിധ ഭീഷണിയും ഇതുമൂലം ഇല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ശേഖരിച്ച വെള്ളത്തിന്റെ സാമ്പിൾ പരിശോധിച്ച് ഡെപ്യൂട്ടി കമ്മീഷണർക്ക് റിപോർട്ട് നൽകാനുള്ള ഒരുക്കത്തിലാണെന്നും അദ്ദേഹം അറിയിച്ചു. കടലിലെ മലിനീകരണം ഇല്ലാതാക്കാൻ നടപടി സ്വീകരിച്ചതായും ബന്ധപ്പെട്ടവർ അറിയിച്ചു.



# മനുഷ്യന്റെ ആർത്തി ജീവജാലങ്ങളുടെ നാശത്തിന് കാരണം: മന്ത്രി ചിഞ്ചുറാണി

കൊല്ലം: ഭൂമിയുടെ അവകാശി താനാണെന്ന് മനുഷ്യന്റെ അഹങ്കാരമാണ് പ്രപഞ്ചത്തിന്റെ നാശത്തിന് കാരണമെന്ന് മന്ത്രി ജെ.ചിഞ്ചുറാണി പറഞ്ഞു. കൊല്ലം രാമവർമ്മ ക്ലബിൽ ജന്തുക്ഷേമ ദ്വൈവാരാചരണത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി കൃഷിയിൽ നിന്ന് മനുഷ്യൻ അകന്നത് വലിയ സ്വാർത്ഥതയ്ക്ക് കാരണമായി കൃഷിക്കാരന് ഒരിക്കലും സ്വാർത്ഥനാകാൻ കഴിയില്ല. ജീവജാലങ്ങളും അരുമകളും മനുഷ്യരും ഉൾപ്പെട്ട ഒരു പ്രപഞ്ചത്തിനേ ഇനി നിലനില്പുള്ളൂ. ജന്തുക്ഷേമ വാരാചരണം അതാണ് ഓർമ്മിപ്പിക്കുന്നത്. മന്ത്രി കൂട്ടിച്ചേർത്തു. ചിത്രരചന ക്വിസ്. ഉപന്യാസം , പ്രസംഗ മത്സരങ്ങളിൽ വിജയിച്ച വിദ്യാർത്ഥികൾക്ക് മന്ത്രി പുരസ്കാരങ്ങൾ നൽകി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഗോപൻ അധ്യക്ഷനായിരുന്നു. വൈസ് പ്രസിഡണ്ട് ശ്രീജ ഹരീഷ് , ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. എസ്. അനിൽകുമാർ, ജില്ലാ മൃഗാശുപത്രി മേധാവി ഡോ. ഡി.ഷൈൻകുമാർ പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ റെയ്നി ജോസഫ്,മൃഗക്ഷേമ ബോർഡംഗം മരിയ ജേക്കബ് ഡോ. പി.എസ് ശ്രീകുമാർ, ഡോ. അജിത് ബാബു, ഡോ. ആർ. വേണുഗോപാൽ, ഡോ. കെ.ജി. പ്രദീപ് എന്നിവർ സംസാരിച്ചു.

# രൺജീത് ശ്രീനിവാസൻ വധക്കേസ്: 15 പ്രതികൾക്കും വധശിക്ഷ

മാവേലിക്കര (ആലപ്പുഴ) : ബിജെപി നേതാവും അഭിഭാഷകനുമായിരുന്ന രൺജീത് ശ്രീനിവാസിനെ കൊലപ്പെടുത്തിയ കേസിൽ 15 പ്രതികൾക്കും വധശിക്ഷ. അഡീഷനൽ ജില്ലാ സെഷൻസ് കോടതി ജഡ്ജി (ഒന്ന്) വി.ജി.ശ്രീദേവിയാണ് ശിക്ഷ വിധിച്ചത്. പ്രതികൾ ദയ അർഹിക്കുന്നില്ലെന്ന് വിധി പ്രസ്താവിച്ചു കൊണ്ട് കോടതി പറഞ്ഞു. 15 പ്രതികളിൽ 14 പേരും വിധി കേൾക്കാനായി കോടതിയിൽ എത്തിയിരുന്നു. പത്താം പ്രതി അസുഖബാധിതനായി ആശുപത്രിയിലായതിനാൽ എത്തിയില്ല. കേസിൽ എല്ലാ പ്രതികളും കുറ്റക്കാരാണെന്ന് ഈ മാസം 20നു വിധിച്ചിരുന്നു. തുടർന്ന് പ്രതിഭാഗത്തിന്റെ വാദം കൂടി കേട്ട ശേഷമാണു ശിക്ഷ വിധിക്കുന്നത് ഇന്നത്തേക്കു മാറ്റിയത്.

ശിക്ഷ വിധിക്കുന്ന സാഹചര്യത്തിൽ കോടതി പരിസരത്തു ശക്തമായ സുരക്ഷയാണ് പൊലീസ് ഏർപ്പെടുത്തിയത്. ചെങ്ങന്നൂർ, കായംകുളം ഡിവൈഎസ്പിമാരുടെ നേതൃത്വത്തിലാണു കോടതിയിൽ സുരക്ഷ ഒരുക്കിയത്. കേരളത്തിൽ ഒരു കേസിൽ ഇത്രയധികം പ്രതികൾക്ക് ഒന്നിച്ച് വധശിക്ഷ വിധിക്കുന്നത് ഇതാദ്യമായാണ്. കേസിലെ 15 പ്രതികളും എസ്ഡിപിഐ, പോപ്പുലർ ഫ്രണ്ട് പ്രവർത്തകരാണ്. പ്രതികളിൽനിന്ന് ഈടാക്കുന്ന പിഴത്തുകയിൽ ആറു ലക്ഷം രൂപ രൺജീത് ശ്രീനിവാസിന്റെ കുടുംബത്തിനു നൽകാനും കോടതി ഉത്തരവിട്ടു. വിധിയിൽ സംതൃപ്തരാണെന്ന് രൺജീത് ശ്രീനിവാസിന്റെ കുടുംബാംഗങ്ങൾ പ്രതികരിച്ചു.

പോപ്പുലർ ഫ്രണ്ട് പ്രവർത്തകരായ ആലപ്പുഴ കോമളപുരം അമ്പനാകുളങ്ങര മാച്ചനാട് കോളനിയിൽ നൈസാം, മണ്ണഞ്ചേരി അമ്പലക്കടവ് വടക്കേച്ചിറപ്പുറം അജ്മൽ, ആലപ്പുഴ വെസ്റ്റ് മുണ്ടുവാടയ്ക്കൽ അനൂപ്, ആര്യാട് തെക്ക് അവലക്കുന്ന് ഇരക്കാട്ട് മുഹമ്മദ് അസ്‌ലാം, മണ്ണഞ്ചേരി ഞാറവേലിൽ അബ്ദുൽ കലാം എന്ന സലാം, അടിവാരം ദാറുസബീൻ വീട്ടിൽ, അബ്ദുൽ കലാം, ആലപ്പുഴ വെസ്റ്റ് തൈവേലിക്കകം സറഫുദീൻ, മണ്ണഞ്ചേരി ഉടുമ്പിത്തറ മൻഷാദ്, ആലപ്പുഴ വെസ്റ്റ് കടവത്ത്ശേരി ചിറയിൽ വീട്ടിൽ ജസീബ് രാജ, മുല്ലക്കൽ വട്ടക്കാട്ടുശേരി നവാസ്, കോമളപുരം തയ്യിൽ വീട്ടിൽ സമീർ, മണ്ണഞ്ചേരി നോർത്ത് ആര്യാട് കണ്ണറുകാട് നസീർ, മണ്ണഞ്ചേരി ചാവടിയിൽ സക്കീർ ഹുസൈൻ, തെക്കേ വെളിയിൽ ഷാജി എന്ന പൂവത്തിൽ ഷാജി, മുല്ലക്കൽ നൂറുദ്ദീൻ പുരയിടത്തിൽ ഷെർനാസ് അഷറഫ് എന്നിവരാണു കേസിലെ പ്രതികൾ. പത്താം പ്രതി മുല്ലയ്ക്കൽ വട്ടക്കാട്ടുശേരി നവാസ് രോഗബാധിതനായി തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്.

2021 ഡിസംബർ 19 ന് രൺജീത് ശ്രീനിവാസനെ ആലപ്പുഴ വെള്ളക്കിണറിലുള്ള വീട്ടിൽ കയറി കുടുംബാംഗങ്ങളുടെ മുന്നിലിട്ടു വെട്ടിക്കൊലപ്പെടുത്തി എന്നാണു പ്രോസിക്യൂഷൻ കേസ്. ആലപ്പുഴ ജില്ലയിൽ തുടർച്ചയായി നടന്ന 3 രാഷ്ട്രീയ കൊലപാതകങ്ങളിൽ ഒടുവിലത്തേതായിരുന്നു ഇത്. വയലാറിൽ ആർഎസ്എസ് പ്രവർത്തകൻ ആർ.നന്ദുകൃഷ്ണയാണ് ആദ്യം കൊല്ലപ്പെട്ടത്. പ്രതികാരമെന്ന പോലെ പിന്നീട് എസ്ഡിപിഐ സംസ്ഥാന സെക്രട്ടറി കെ.എസ്.ഷാനിനെ മണ്ണഞ്ചേരിയിൽ കൊലപ്പെടുത്തി. അതിന്റെ പിറ്റേന്നു രാവിലെയായിരുന്നു രൺജീത് വധം. സ്പെഷൽ പ്രോസിക്യൂട്ടർ പ്രതാപ് ജി.പടിക്കൽ ആണു പ്രോസിക്യൂഷനു വേണ്ടി ഹാജരായത്. പ്രതികളുടെ സാമൂഹിക അവസ്ഥ സംബന്ധിച്ചു സംസ്ഥാന സർക്കാർ, ജില്ലാ പ്രബേഷൻ ഓഫിസർ, ജയിലിലെ പെരുമാറ്റം സംബന്ധിച്ചു മാവേലിക്കര സ്പെഷൽ സബ് ജയിൽ സൂപ്രണ്ട്, മാനസിക ആരോഗ്യം സംബന്ധിച്ചു സൈക്യാട്രി വിഭാഗം എന്നിവരുടെ റിപ്പോർട്ട് കോടതി വാങ്ങിയിരുന്നു.

# മാലിന്യ ജല നിരീക്ഷണം എപ്പിഡെമിക്കുകളുടെ ആദ്യകാല സൂചനകൾ



തിരുവനന്തപുരം : കൊവിഡ്19 ഉൾപ്പെടെയുള്ള എപ്പിഡെമിക്കുകളുടെയും പകർച്ചവ്യാധികളുടെയും ആദ്യകാല സൂചനകൾ കണ്ടെത്താൻ സഹായിക്കുന്ന ചെലവുകുറഞ്ഞതും ഫലപ്രദവുമായ ഒരു സാങ്കേതികതയാണ് മാലിന്യ ജല നിരീക്ഷണം. പുതിയ വകഭേദങ്ങൾ പ്രചരിക്കുന്നതിനാൽ, പ്രത്യേക നീർത്തട മേഖലകളിൽ കൊവിഡ്19 വ്യാപനം കൃത്യമായി നിരീക്ഷിക്കേണ്ടത് പ്രധാനമാണ്.

കേരളത്തിലെ തിരുവനന്തപുരത്ത്, ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനമായ എസ്ആർഎം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി കാട്ടങ്കുളത്തൂരിലെ പരിസ്ഥിതി, സുസ്ഥിര വക്തൃത്വം, കാലാവസ്ഥാ വ്യതിയാന കേന്ദ്രം (ഞളഅഇഇ), ബാംഗ്ലൂരിലെ സ്വാസ്തി ഹെൽത്ത് കാറ്റലിസ്റ്റ് എന്ന പൊതുജനാരോഗ്യ സംഘടനയുമായി സഹകരിച്ച്, ടഅഞടഇീ്ഢ2 എന്ന വൈറസിനെ കണ്ടെത്തുന്നതിനായി മാലിന്യ ജല സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള പരിസ്ഥിതി നിരീക്ഷണ പ്ലാറ്റ്ഫോം സ്ഥാപിച്ചു.

ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നതിന് മുമ്പേ തന്നെ ടഅഞടഇീ്ഢ2 മലത്തിൽ പുറന്തള്ളുന്നതിനാൽ, ഈ പദ്ധതി അധികാരികൾക്ക് ജനങ്ങളുടെ ഇടയിൽ ഉള്ള അണുബാധയുടെ വ്യാപനം നിരീക്ഷിക്കാനും മുൻകരുതലുകൾ എടുക്കാനും സഹായിക്കുന്നു. തിരുവനന്തപുരം സിറ്റി ഹെൽത്ത് ഓഫീസർ ഡോ. ഗോപകുമാർ പദ്ധതി സംരംഭത്തെ അഭിനന്ദിക്കുകയും മലിനജലത്തെ അടിസ്ഥാനമാക്കിയുള്ള പാരിസ്ഥിതിക നിരീക്ഷണത്തിലൂടെ ആന്റിമൈക്രോബയൽ പ്രതിരോധം നിർണ്ണയിക്കാൻ കഴിയുമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അത് പ്രയോജനകരമാകുമെന്ന് പ്രസ്താവിക്കുകയും ചെയ്തു. അടുത്തിടെ ആരംഭിച്ച ഓപ്പറേഷൻ അമൃതിന് അനുസൃതമായിരിക്കും ഇത്. കഴിഞ്ഞ 10 മാസത്തിനുള്ളിൽ ടഅഞടഇീ്ഢ2 വൈറൽ ലോഡ് കുറയുന്നത് പദ്ധതിയുടെ ഫലങ്ങളിൽ ഉൾപ്പെടുന്നുവെന്ന് ടഞങകടഠ റിസർച്ച് ഡയറക്ടറേറ്റിലെ റീച്ച് ഹെഡ് പ്രൊഫ. പരോമിത ചക്രവർത്തി തന്റെ കേന്ദ്രത്തിന്റെ യുട്യൂബ് ചാനലിൽ പ്രോജക്ട് വീഡിയോ ലോഞ്ച് ചെയ്തു കൊണ്ട് പറഞ്ഞു. 'തിരഞ്ഞെടുത്ത സാമ്പിളുകളിൽ ഇൻഫ്ലുവൻസ എ, ബി എന്നിവയുടെ വിശകലനവും ഞങ്ങൾ നടത്തി, പക്ഷേ പ്രോജക്റ്റ് കാലയളവിൽ അവയുടെ സാന്നിധ്യം കണ്ടെത്തിയില്ല'. ഗവൺമെന്റിൽ നിന്നുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അവർ ആന്റിമൈക്രോബയൽ റെസിസ്റ്റൻസ് (എഎംആർ) സ്ക്രീനിംഗ് ടെക്നിക് പൂർത്തിയാക്കിയതായി പ്രൊഫ. ചക്രവർത്തി പറഞ്ഞു. ഈ പദ്ധതി രാജ്യത്തുടനീളം നടപ്പാക്കാൻ സർക്കാർ ശ്രമിക്കണം എന്നും അവർ കൂട്ടിച്ചേർത്തു.



# ലോക കുഷ്ടരോഗ ദിനചാരണം

വിഴിഞ്ഞം: അദാനി വിഴിഞ്ഞം തുറമുഖ കമ്പനിയുടെ സാമൂഹ്യ പ്രതിബദ്ധതാ വിഭാഗത്തിന്റെ കീഴിൽ യുവജനങ്ങൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി വരുന്ന അദാനി സ്കിൽ ഡവലപ്പ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ ലോക കുഷ്ടരോഗ ദിനാചരണം സംഘടിപ്പിച്ചു.

കുഷ്ഠരോഗത്തെ കുറിച്ച് ബോധവത്ക്കരണം നൽകുന്നതിനായാണ് എല്ലാ വർഷവും ജനുവരി 30 ലോക കുഷ്ഠരോഗ ദിനമായി ആചരിക്കുന്നത്.

കുഷ്ഠരോഗവുമായി ബന്ധപ്പെട്ട് രോഗികളിൽ നിലനിൽക്കുന്ന മാനസിക വൈഷമ്യങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനാണ് ലോകാരോഗ്യ സംഘടന ഈ വർഷം പ്രധാന്യം നൽകിയത്.

അദാനി സ്കിൽ സവലപ്പ്മെന്റ് സെന്ററിൽ പരിശീലനം നേടിവരുന്ന ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് വിദ്യാർത്ഥികൾ ഈ വിഷയത്തിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

വിഴിഞ്ഞം സെന്ററിന് കീഴിൽ പരിശീലനം നടക്കുന്ന ഹൗസ്കീപ്പിങ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ബ്യൂട്ടി തെറാപ്പിസ്റ്റ് എന്നീ ബാച്ചുകളിലെ അറുപതോളം കുട്ടികൾ പ്രസ്തുത ക്ലാസ്സിൽ പങ്കെടുത്തു. വിവിധ ബാച്ചുകളിലെ ട്രെനെർമാരായ ഷീജ എം, മിനി ജോസ്, കവിത റ്റി ആർ, നീതു വി നാഥ്, അനിൽകുമാർ ബി എസ് കൂടാതെ മറ്റു സ്റ്റാഫ് അംഗങ്ങളായ അനുരാഗ് എം ജെ, ശ്രീജിത്ത് എസ് എന്നിവർ ഈ ബോധവത്കരണ ക്ലാസുകൾ വിലയിരുത്തി.

# വിധി സ്വാഗതാർഹം; രഞ്ജിത്തിനും സഹപ്രവർത്തകർക്കും നീതികിട്ടിയെന്ന് കെ. സുരേന്ദ്രൻ

തിരുവനന്തപുരം: രഞ്ജിത് ശ്രീനിവാസൻ വധക്കേസിലെ പ്രതികൾക്ക് വധശിക്ഷ വിധിച്ച വിധി സ്വാഗതാർഹമെന്ന് ബിജെപി സംസ്ഥാനധ്യക്ഷൻ കെ. സുരേന്ദ്രൻ.

വിധി സമാധാനകാംക്ഷികളായ എല്ലാവർക്കും വലിയ സംതൃപ്തി നല്കുന്നതാണ്. ആശ്വാസകരമായ വിധിയാണ്, സ്വാഗതാർഹമായ വിധിയാണ്. രഞ്ജിത് ശ്രീനിവാസൻറെ കുടുംബാംഗങ്ങൾക്കും സഹപ്രവർത്തകർക്കും കേരളത്തിലെ ജനങ്ങൾക്കും നീതി ലഭിച്ചുവെന്നു വേണം ഈ വിധിയിലൂടെ മനസിലാക്കാനെന്നും സുരേന്ദ്രൻ പറഞ്ഞു.

ബിജെപി നേതാവും ഒബിസി മോർച്ച സംസ്ഥാന സെക്രട്ടറിയും അഭിഭാഷകനുമായിരുന്ന അഡ്വ. രഞ്ജിത്ത് ശ്രീനിവാസ് കൊലപാതക കേസിൽ 15 പ്രതികൾക്കും മാവേലിക്കര അഡീഷണൽ സെഷൻസ് കോടതി വധശിക്ഷ വിധിച്ചിരുന്നു. ഇത്രയധികം പ്രതികൾക്ക് ഒരുമിച്ച് വധശിക്ഷ വിധിക്കുന്നത് ആദ്യമായാണ്.

കേസിൽ ആകെ 35 പ്രതികളാണുള്ളത്. ഇതിൽ 15 പേരാണ് ആദ്യഘട്ട വിചാരണ നേരിട്ടത്. പ്രതികൾ ഒരു ദയയും അർഹിക്കുന്നില്ലെന്നാണ് 10 മിനിറ്റ് നീണ്ട വിധിപ്രസ്താവത്തിൽ ജസ്റ്റീസ് വി.ജി. ശ്രീദേവി പറഞ്ഞത്.

അപൂർവങ്ങളിൽ അപൂർവമായ കേസാണിതെന്ന് നിരീക്ഷിച്ച കോടതി കേസിൽ വിചാരണ നേരിട്ട മുഴുവൻ പ്രതികൾക്കും വധശിക്ഷ വിധിക്കുകയായിരുന്നു. നേരത്തെ, കേസിൽ വിചാരണ നേരിട്ട 15 പ്രതികളും കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തിയിരുന്നു. സ്പെഷ്യൽ പ്രോസിക്യൂട്ടർ പ്രതാപ് ജി. പടിക്കൽ ആണ് പ്രോസിക്യൂഷന് വേണ്ടി ഹാജരായത്.

# സ്ഥാനാർഥി നിർണയ ചർച്ചകളിലേക്ക് സിപിഎം; സംസ്ഥാന സമിതി യോഗം 12ന്

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിൻറെ മുന്നൊരുക്കത്തിലേക്ക് സിപിഎം കടക്കുന്നു.12 ന് സംസ്ഥാന സമിതി യോഗം ചേർന്ന് പ്രാഥമിക സ്ഥാനാർഥി നിർണയ ചർച്ച നടത്തും. അതേസമയം ഇന്ത്യ മുന്നണിയുമായി ബന്ധപ്പെട്ട് കോൺഗ്രസ് അവധാനത കാണിച്ചില്ലെന്ന് സിപിഎം കേന്ദ്ര കമ്മിറ്റി യോഗത്തിൽ വിമർശനം ഉയർന്നു.

കേരളത്തിൽ ഗവർണർ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും യോഗത്തിൽ റിപ്പോർട്ട് ചെയ്തു. വിഷയത്തിൽ കേന്ദ്ര നേതൃത്വം നിർദ്ദേശം നൽകിയേക്കില്ല. ഗവർണർ വിഷയത്തിൽ സംസ്ഥാന നേതൃത്വം തന്നെ നിലപാടെടുക്കും.

ചില മണ്ഡലങ്ങളിലെങ്കിലും ശക്തമായ ത്രികോണ മത്സരത്തിന് സാധ്യത ഉണ്ടെന്നാണ് സംസ്ഥാന നേതൃത്വം വിലയിരുത്തുന്നത്.

ബിജെപി കേന്ദ്ര നേതൃത്വത്തിൻറെ നീക്കങ്ങൾ ത്രികോണ മത്സര പ്രതീതി ഉണ്ടാക്കുന്നതാണെന്ന് നേതൃത്വം വിലയിരുത്തി. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ആലപ്പുഴയിൽ മാത്രമാണ് സിപിഎം സ്ഥാനാർഥി വിജയിച്ചത്. സ്ഥാനാർഥികളായി വനിതകൾക്കും യുവാക്കൾക്കും പ്രാധാന്യം നൽകണമെന്ന് കേന്ദ്ര നേതൃത്വം നിർദേശിച്ചു.

# ജീവൻ രക്ഷ പദ്ധതി പ്രീമിയം മാർച്ച് 31 വരെ

സർക്കാർ ജീവനക്കാരുടെ ജീവൻ രക്ഷ പദ്ധതി 2024 വർഷത്തേക്കുള്ള പ്രീമിയം ഒടുക്കുന്നതിനുള്ള സമയപരിധി 2024 മാർച്ച് 31 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായി. 2023 ഡിസംബർ 31ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച എല്ലാ സർക്കാർ ജീവനക്കാരും, കോഓപ്പറേറ്റീവ് സൊസൈറ്റി, എയ്ഡഡ് സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവടങ്ങളിലെ ജീവനക്കാർ, ടഘഞ വിഭാഗം ജീവനക്കാർ, സർക്കാർ സർവീസിലുള്ള പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരും, പത്തനംതിട്ട നിരണം ഡക്ക് ഫാമിലെ സ്ഥിരം തൊഴിലാളികൾ, വെറ്ററിനറി സർവകലാശാല ഫാമിലെ സ്ഥിരം ജീവനക്കാർ, സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന നിക്ഷേപ/ വായ്പ്പാ പിരിവുകാർ അപ്രൈസർമാർ, ശൂന്യവേതനാവധിയിലുള്ളവർ, ((ഗടഞ തകകഅ, ഗടഞ ത11 ഇ ഒഴികെ), അന്യത്ര സേവനത്തിലുള്ളവർ, മറ്റെന്തെങ്കിലും രീതിയിൽ അവധിയിലുള്ളവർ പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നിവർ ഉൾപ്പെടെ എല്ലാ ജീവനക്കാരും മാർച്ച് 31നകം 80110010589 എന്ന ശീർഷകത്തിൽ പ്രീമിയം ഒടുക്കി 2024 വർഷത്തെ ജീവൻരക്ഷ പദ്ധതിയിൽ അംഗത്വമെടുക്കണമെന്ന് ഇൻഷുറൻസ് ഡയറക്ടർ അറിയിച്ചു. എല്ലാ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരും അവരുടെ കീഴിലുള്ള എല്ലാ ജീവനക്കാരും ജീവൻരക്ഷ പദ്ധതിയിൽ അംഗത്വം എടുത്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തണം. 2023 ഡിസംബർ 31നു ശേഷം സർവീസിൽ പ്രവേശിക്കുന്ന പുതിയ ജീവനക്കാർക്ക് ഈ ഉത്തരവ് ബാധകമല്ലെന്നും ഡയറക്ടർ അറിയിച്ചു.

# ഇഗ്രാന്റ്സ് തുക കൈപ്പറ്റണം

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ 200405, 0506, 0607, 0809, 1213, 1516 അധ്യയന വർഷങ്ങളിൽ യു.ജി., പി.ജി. കോഴ്സുകൾക്ക് പഠിച്ച എസ്.ടി., ഒ.ഇ.സി കാറ്റഗറിയിൽപ്പെട്ടതും ഇഗ്രാന്റ്സ് ആനുകൂല്യം ലഭിക്കുവാൻ അർഹതയുണ്ടായിരുന്നതും എന്നാൽ നാളിതുവരെ ആനുകൂല്യം കൈപ്പറ്റാത്തതുമായ വിദ്യാർഥികൾ ഫെബ്രുവരി ആറിനു മുമ്പായി അസൽ തിരിച്ചറിയൽ രേഖ സഹിതം കോളജ് ഓഫീസിൽ ഹാജരായി അർഹമായ തുക കൈപ്പറ്റണം. ഈ തീയതിക്ക് ശേഷം നിർദിഷ്ട തുക ഇനിയൊരറിയിപ്പ് കൂടാതെ സർക്കാരിലേക്ക് മടക്കി അടയ്ക്കുമെന്നും പ്രിൻസിപ്പാൾ അറിയിച്ചു.



രക്തസാക്ഷി ദിനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പാളയം രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പചക്രം അർപ്പിക്കുന്നു

# രക്തസാക്ഷി ദിനാചരണം: മുഖ്യമന്ത്രി പുഷ്പചക്രം അർപ്പിച്ചു

രക്ഷസാക്ഷി ദിനാചരണത്തിന്റെ ഭാഗമായി പാളയം രക്തസാക്ഷി മണ്ഡപത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുഷ്പചക്രം അർപ്പിച്ചു. ചടങ്ങിന്റെ ഭാഗമായി മുഖ്യമന്ത്രി പൊലീസ് സേനാവിഭാഗത്തിന്റെ അഭിവാദ്യം സ്വീകരിച്ചു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, ചീഫ് സെക്രട്ടറി ഡോ. വി. വേണു, സംസ്ഥാന പൊലീസ് മേധാവി ഷെയ്ക് ദർവേഷ് സാഹെബ്, അഡിഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, മുതിർന്ന പൊലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# മൾട്ടിപർപ്പസിനായി 39 അത്യാധുനിക ഐസൊലേഷൻ വാർഡുകൾ കൂടി

## *ഫെബ്രുവരി 6ന് മുഖ്യമന്ത്രി നാടിന് സമർപ്പിക്കും

വിവിധ നിയോജക മണ്ഡലങ്ങളിൽ പ്രവർത്തനസജ്ജമായ 39 ഐസൊലേഷൻ വാർഡുകളുടെ ഉദ്ഘാടനം ഫെബ്രുവരി 6ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. മന്ത്രിമാർ, അതത് മണ്ഡലങ്ങളിലെ എംഎൽഎമാർ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

കോവിഡ് പോലെയുള്ള മഹാമാരികളും മറ്റ് പകർച്ചവ്യാധികളും നേരിടുന്നതിന് ആരോഗ്യ മേഖലയെ കൂടുതൽ സജ്ജമാക്കുന്നതിന്റെ ഭാഗമായാണ് മൾട്ടിപർപ്പസിനായി എല്ലാ നിയോജക മണ്ഡലങ്ങളിലും ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

ആദ്യഘട്ടത്തിൽ നിർമ്മാണത്തിനായി അനുമതി നൽകിയ 90 ഐസൊലേഷൻ വാർഡുകളിലെ 10 എണ്ണത്തിന്റെ ഉദ്ഘാടനം മുമ്പ് നടത്തിയിരുന്നു. ഇതുകൂടാതെയാണ് 39 ഐസൊലേഷൻ വാർഡുകൾ കൂടി പ്രവർത്തനസജ്ജമാക്കിയത്. എം.എൽ.എ. ഫണ്ടും കിഫ്ബി ഫണ്ടും തുല്യമായി ഉപയോഗിച്ചുള്ള 250 കോടി രൂപയുടെ ഈ പദ്ധതി നടപ്പാക്കുന്നത് കെ.എം.എസ്.സി.എൽ. ആണ്.

തിരുവനന്തപുരം ജില്ലയിലെ നേമം, കൊല്ലം ജില്ലയിലെ കുന്നത്തൂർ, ചടയമംഗലം, ആലപ്പുഴ ജില്ലയിലെ ആലപ്പുഴ, ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല, കോട്ടയം ജില്ലയിലെ കോട്ടയം, കടുത്തുരുത്തി, പൂഞ്ഞാർ, എറണാകുളം ജില്ലയിലെ പെരുമ്പാവൂർ, പിറവം, ആലുവ, തൃശൂർ ജില്ലയിലെ തൃശൂർ, ചാലക്കുടി, കൊടുങ്ങല്ലൂർ, കയ്പമംഗലം, ഗുരുവായൂർ, മണലൂർ, പുതുക്കാട്, പാലക്കാട് ജില്ലയിലെ നെന്മാറ, ഷൊർണൂർ, ചിറ്റൂർ, മലപ്പുറം ജില്ലയിലെ താനൂർ, തവനൂർ, കൊണ്ടോട്ടി, മലപ്പുറം, പൊന്നാനി, തിരൂരങ്ങാടി, കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി, കൊടുവള്ളി, വടകര, കൊയിലാണ്ടി, തിരുവമ്പാടി, വയനാട് ജില്ലയിലെ സുൽത്താൻബത്തേരി, മാനന്തവാടി, കൽപ്പറ്റ, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ്, കല്യാശേരി, കാസർഗോഡ് ജില്ലയിലെ ഉദുമ, മഞ്ചേശ്വരം എന്നീ നിയോജക മണ്ഡലങ്ങളിലാണ് ഐസൊലേഷൻ വാർഡുകൾ സജ്ജമായത്.

പ്രീ എഞ്ചിനീയർഡ് സ്ട്രക്ച്ചർ ഉപയോഗിച്ചാണ് മെഡിക്കൽ ഗ്യാസ് ഉൾപ്പെടെ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ 2,400 ചതുരശ്ര അടി വിസ്തീർണത്തിലുള്ള ഐസോലേഷൻ വാർഡുകൾ നിർമ്മിക്കുന്നത്. 10 കിടക്കകളുള്ള പേഷ്യന്റ് കെയർ സോൺ, പ്രവേശന ലോബിയോട് കൂടിയ കാത്തിരുപ്പ് കേന്ദ്രം, സ്റ്റോർ, ശൗചാലയത്തോട് കൂടിയ സ്റ്റാഫ് റൂം, ഡോക്ടേഴ്സ് റൂം, ഡ്രെസിംഗ് റൂം, നഴ്സസ് സ്റ്റേഷൻ, എമർജൻസി പ്രൊസീജർ റൂം, ശൗചാലയ ബ്ലോക്ക്, മെഡിക്കൽ ഗ്യാസ് സംഭരണത്തിനുള്ള റൂം, പാസേജ്, ആധുനിക ഉപകരണങ്ങൾ ഉൾപ്പടെയുള്ള സൗകര്യങ്ങളോട് കൂടിയ മുറികൾ ഓരോ ഐസോലേഷൻ വാർഡിലും സജ്ജീകരിച്ചിട്ടുണ്ട്.

# വിസാറ്റ് സെൽഫി പോയിന്റ് ഉദ്ഘാടനം നിർവഹിച്ചു

പൂജപ്പുര എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെകനോളജി ഫോർ വിമണിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് വികസിപ്പിച്ച ഇന്ത്യയിലെ ആദ്യത്തെ വനിത നിർമ്മിത ഉപഗ്രഹ പേലോഡ് ആയ വീസാറ്റിന്റെ വിജയ സ്മാരകമെന്ന നിലയിൽ നിർമിച്ച സെൽഫി പോയിന്റ് ഉദ്ഘാടനം ചെയ്തു.

എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജി ഫോർ വിമൺ കോളേജിനു മുന്നിൽ സ്ഥാപിച്ചിരിക്കുന്ന വീസാറ്റ് സെൽഫി പോയിന്റ് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇഷിത റോയ് ഉം, ഐടി സെക്രട്ടറി ഡോ. രത്തൻ യു കേൽക്കർ എന്നിവർ നിർവഹിച്ചു. എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി ഡയറക്ടർ ഡോ എം അബ്ദുൾ റഹിമാൻ, പ്രിൻസിപ്പൽ ഡോ ജയമോഹൻ ജെ എന്നിവർ സംബന്ധിച്ചു. 5 വർഷ കാലയളവിൽ കോളേജിലെ 150 ഓളം വിദ്യാർത്ഥിനികൾ ചേർന്ന് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. ലിസി അബ്രഹാമിന്റെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്തതാണ് വീസാറ്റ്. അധ്യാപിക കോർഡിനേറ്റർമാരായി ഡോ. രശ്മി ആർ, ഡോ. സുമിത്ര എം. ഡി എന്നിവരും നിലവിൽ വിദ്യാർത്ഥി കോർഡിനേറ്റർമാരായി ദേവിക ഡി.കെ, സൂര്യ ജയകുമാർ, ഷെറിൽ മറിയം ജോസ് എന്നിവരും ആണ് പ്രവർത്തിക്കുന്നത്.

അധ്യാപകരുടെയും വിദ്യാർഥികളുടെയും സമർപ്പണത്തെയും കൂട്ടായ പരിശ്രമത്തിന്റെയും കഠിനമായ പ്രയത്നതെയും പ്രകടനത്തെയും പ്രതിനിധീകരിക്കുന്നതാണ് വീസാറ്റ് സെൽഫി പോയിന്റ്. വീസാറ്റ് പേലോഡിന്റെ മോഡൽ 2:1 അനുപാതത്തിലും അത് വിക്ഷേപിച്ച ജടഘഢ ഇ58 മോഡൽ 1:10 അനുപാതത്തിലും കോളേജിന്റെ മുന്നിൽ നിർമിച്ചിരിക്കുന്നതാണ് വീസാറ്റ് സെൽഫി പോയിന്റ്.

വനിതകളുടെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്ത ഇന്ത്യയിലെതന്നെ ആദ്യത്തെ സാറ്റലൈറ്റ് ആണ് വിസാറ്റ്.

വീസാറ്റ് പെലോഡ് ഭ്രമണപഥത്തിൽ അതിന്റെ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുകയാണ്. പ്രാഥമികമായി ലഭിച്ച ടെലിമെറ്ററി ഡാറ്റയിൽ നിന്നും ബഹിരാകാശത്തു രേഖപ്പെടുത്തിയ പരമാവധി അൾട്രാവയലെറ്റ് റേഡിയേഷൻ ഇൻഡക്സ് 23 ആണ്. അന്തരീക്ഷോപരിതലത്തിൽ നമ്മുടെ സംസ്ഥാനത്തു പരമാവധി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് 12 ആണ്. കൂടുതൽ പഠനങ്ങൾക്കും വിശകലനങ്ങൾക്കുമായി ഈ പ്രക്രിയ ഓട്ടോമേറ്റ് ചെയ്യാനുള്ള അൽഗോരിതം വികസിപ്പിച്ചെടുക്കാനുള്ള തയ്യാറെടുപ്പിലാണ് ടീം വീസാറ്റ്.

# ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകളും വെല്ലുവിളികളും:നിയമസഭാ സമിതി പഠനം നടത്തും

കേരള നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകളും വെല്ലുവിളികളും സംബന്ധിച്ച് പഠനം നടത്തും. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ചും, അക്കാര്യത്തിൽ സർക്കാരിന് എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ചും വിവര സാങ്കേതികവിദ്യ മേഖലയുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നും, സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും, വ്യക്തികളിൽ നിന്നും അഭിപ്രായ രൂപീകരണം നടത്തുന്നതിനും സമിതി തീരുമാനിച്ചു. വിവര സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട് യുവജനങ്ങളെ ബാധിക്കുന്ന വിഷയങ്ങളിൽ പൊതുജനങ്ങളിൽ നിന്നും വിവിധ യുവജനസംഘടനകളിൽ നിന്നും ഐ.ടി സംരംഭങ്ങളുടെയും സ്റ്റാർട്ടപ്പുകളുടെയും പ്രതിനിധികളിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും സമിതി സ്വീകരിക്കുന്നതും സമിതിക്ക് ലഭിക്കുന്ന നിർദേശങ്ങളിൽ പ്രസക്തമായവയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയും ചെയ്യും.

സമിതി മുമ്പാകെ അഭിപ്രായങ്ങളും നിർദേശങ്ങളും സമർപ്പിക്കാൻ താത്പര്യമുള്ള വ്യക്തികൾ, സംഘടനാ പ്രതിനിധികൾ, ഐ.ടി സംരംഭങ്ങളുടെയും / സ്റ്റാർട്ടപ്പുകളുടെയും പ്രതിനിധികൾ തുടങ്ങിയവർ സമിതി അധ്യക്ഷനെ അഭിസംബോധന ചെയ്ത് തയാറാക്കിയതും കയ്യൊപ്പ്, മേൽവിലാസം, ഫോൺ നം, ഇമെയിൽ ഐ.ഡി. എന്നിവ രേഖപ്പെടുത്തിയതുമായ അഭിപ്രായങ്ങളും, നിർദേശങ്ങളും ചെയർമാൻ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി, കേരള നിയമസഭ എന്ന വിലാസത്തിൽ ഫെബ്രുവരി 9ന് മുൻപായി സമർപ്പിക്കണമെന്നു നിയമസഭാ സെക്രട്ടറി ഇൻ ചാർജ് ഷാജി സി. ബേബി അറിയിച്ചു. ഇമെയിൽ : y-a-c@n-iy-am-a-sa-b-h-a.n-i-c.in.

# ലോകായുക്തയിൽ ഡെപ്യൂട്ടേഷൻ നിയമനം

കേരള ലോകായുക്തയിൽ കോർട്ട് ഓഫീസർ/സെക്ഷൻ ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നതിന് സർക്കാർ സർവ്വീസിൽ (സർക്കാർ വകുപ്പുകളിൽ) സമാന തസ്തികയിൽ ജോലി ചെയ്യുന്ന നിയമ ബിരുദധാരികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. സമാന തസ്തികയിൽ ജോലി ചെയ്യുന്ന വ്യക്തികളിൽ നിന്നും അപേക്ഷ ലഭ്യമാകാത്ത പക്ഷം തൊട്ടുതാഴെയുള്ള തസ്തികയിൽ ജോലി ചെയ്യുന്നവരെയും പരിഗണിക്കും.

നിരാക്ഷേപ സർട്ടിഫിക്കറ്റ്, ഫോം 144 കെ.എസ്.ആർ. പാർട്ട്1, ബയോഡേറ്റ (ഫോൺ നമ്പർ നിർബന്ധമായും ചേർക്കണം) എന്നിവ ഉള്ളടക്കം ചെയ്തിട്ടുള്ള അപേക്ഷകൾ മേലധികാരി മുഖേന ഫെബ്രുവരി 12ന് വൈകിട്ട് 5ന് മുമ്പ് രജിസ്ട്രാർ, കേരള ലോകായുക്ത, നിയമസഭാ സമുച്ചയം, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം33 എന്ന വിലാസത്തിൽ ലഭിക്കണം.

# ക്വട്ടേഷൻ ക്ഷണിച്ചു

കേരള മഹിള സമഖ്യ സൊസൈറ്റിയുടെ 202122, 202223 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന പ്രൊജക്ട് ഓഫീസിന്റെയും, 6 ജില്ലാ നിർവ്വഹണ യൂണിറ്റിന്റെയും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നടത്തുന്നതിലേക്കായി പരിചയ സമ്പന്നരായ ചാർട്ടേഡ് അക്കൗണ്ടന്റ്മാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു.

താല്പര്യമുള്ളവർ ഓഡിറ്റ് ചെയ്യേണ്ട വർഷങ്ങളിലെ ഓഡിറ്റ് ഫീസിന്റെ തുക (ജി.എസ്.ടി ഉൾപ്പെടെ), സ്ഥാപനത്തിന്റെ പേര്, മേൽവിലാസം എന്നിവ സഹിതം ഫെബ്രുവരി 14ന് വൈകിട്ട് അഞ്ചിനു മുമ്പ് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652, കൽപന, കുഞ്ചാലുംമൂട്, കരമന പി.ഒ., തിരുവനന്തപുരം, ഫോൺ: 0471 2348666. എന്ന വിലാസത്തിൽ ബന്ധപ്പെടണം.

# സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടർ ആൻഡ് ഡി.റ്റി.പി ഓപ്പറേഷൻ കോഴ്സ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗും സംയുക്തമായി നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടർ ആൻഡ് ഡിറ്റിപി ഓപ്പറേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ എസ്എസ്എൽസി അഥവാ തത്തുല്യ യോഗ്യത പാസായിരിക്കണം. പട്ടികജാതി / പട്ടികവർഗ / മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് സൗജന്യമായിരിക്കും. പഠനകാലയളവിൽ സ്റ്റൈപ്പന്റും ലഭിക്കും. ഒബിസി / എസ്ഇബിസി / മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും. തിരുവനന്തപുരം (0471 2474720), എറണാകുളം (0484 2605322), കോഴിക്കോട് (0495 2356591) എന്നീ കേന്ദ്രങ്ങളിലാണ് കോഴ്സ് നടത്തുന്നത്. അപേക്ഷാ ഫോറം 100 രൂപയ്ക്ക് അതാത് സെന്ററിൽ നിന്നും നേരിട്ടും മണിഓർഡറായി 130 രൂപ മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 695024 എന്ന വിലാസത്തിൽ തപാലിലും വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷ മാനേജിംഗ് ഡയറക്ടർ, സിആപ്റ്റിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതവും അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക് 0471 2474720, 0471 2467728 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക. വെബ്സൈറ്റ്: www.c-ap-tk-er-a-l-a.com. വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ അപേക്ഷയ്ക്കൊപ്പം സമർപ്പിക്കണം.

അവസാന തീയതി ഫെബ്രുവരി 16.

# വണ്ടിപ്പെരിയാർ പോക്സോ കേസ്: പ്രതിയെ വെറുതെവിട്ടതിനെതിരായ അപ്പീൽ ഇന്ന് ഹൈക്കോടതിയിൽ

കൊച്ചി: ഇടുക്കി വണ്ടിപ്പെരിയാറിൽ ബാലികയെ പീഡിപ്പിച്ചു കൊന്ന കേസിലെ പ്രതിയെ വെറുതെ വിട്ട കോടതി വിധിക്കെതിരേ സർക്കാർ നല്കിയ അപ്പീൽ ഇന്നു ഹൈക്കോടതി പരിഗണിക്കും. കേസിൽ പ്രതി അർജുന് ഹൈക്കോടതി നോട്ടീസയച്ചിരുന്നു.

സംഭവം നടന്ന് രണ്ട് വർഷത്തിന് ശേഷമാണ് കേസിൽ വിധി വന്നത്. കട്ടപ്പന അതിവേഗ സ്പെഷൽ കോടതി ജഡ്ജി വി. മഞ്ജു ആണ് പ്രതിയെ വെറുതെ വിട്ടെന്ന വിധി പ്രസ്താവിച്ചത്. കൊലപാതകം, ബലാത്സംഗം എന്നിവ തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞില്ലെന്ന് വ്യക്തമാക്കിയാണ് കോടതി പ്രതിയെ കുറ്റവിമുക്തനാക്കിയത്.

എന്നാൽ, പ്രോസിക്യൂഷൻ ഹാജരാക്കിയ തെളിവുകൾ വിശകലനം ചെയ്യുന്നതിൽ വിചാരണക്കോടതി പരാജയപ്പെട്ടെന്നാണ് സർക്കാർ അപ്പീലിൽ പറയുന്നത്

പ്രതിയെ വെറുതേവിട്ട കോടതിവിധിക്കെതിരേ പെൺകുട്ടിയുടെ കുടുംബവും നാട്ടുകാരും പ്രതിഷേധിച്ചിരുന്നു.

കേസിൽ അപ്പീൽ നൽകുമെന്ന് പ്രോസിക്യൂഷനും വ്യക്തമാക്കിയിരുന്നു. ഇതിനിടെ പെൺകുട്ടിയുടെ മാതാപിതാക്കൾ മുഖ്യമന്ത്രിയെ നേരിൽ കണ്ട് സംസാരിച്ചിരുന്നു. കുടുംബത്തിന് നീതി ലഭിക്കുന്നതിനായി എല്ലാ പിന്തുണയും അദ്ദേഹം വാഗ്ദാനം ചെയ്തു.

2021 ജൂൺ 30 നാണ് വണ്ടിപ്പെരിയാറിലെ ലയത്തിൽ കെട്ടിതൂക്കിയ നിലയിൽ കുട്ടിയുടെ മൃതദേഹം കണ്ടെടുത്തത്. കുട്ടിക്ക് രണ്ട് വയസുള്ളപ്പോൾ മുതൽ പ്രതി ലൈംഗികമായി പീഡിപ്പിച്ചിരുന്നതായി അന്ന് കണ്ടെത്തിയിരുന്നു. 78 ദിവസത്തിനകം പോലീസ് കുറ്റപത്രവും സമർപ്പിച്ചു.

## കാമ്പസുകളിൽ വിദ്യാർത്ഥി രാഷ്ട്രീയം നിരോധിക്കൽ; ഹൈക്കോടതി നോട്ടീസയച്ചു

കൊച്ചി: കാമ്പസുകളിൽ വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനം നിരോധിക്കാൻ ഉത്തരവിടണമെന്നാവശ്യപ്പെടുന്ന ഹർജിയിൽ ഹൈക്കോടതി സർക്കാരിന്റെ വിശദീകരണം തേടി. വിദ്യാർത്ഥി സംഘടനകൾക്ക് അടിയന്തര നോട്ടീസ് അയയ്ക്കാനും ഉത്തരവായി. വിദ്യാർത്ഥി സംഘടനകളുടെ നിയമലംഘന പ്രവർത്തനങ്ങൾ നിയന്ത്രിക്കാനാവില്ലെങ്കിൽ അവയ്ക്ക് നിരോധനം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ടാണ് ഹർജി. എൻ പ്രകാശാണ് ഹർജി നൽകിയത്.



രക്തസാക്ഷി ദിനത്തിൽ നിയമസഭാ മന്ദിരത്തിലെ ഗാന്ധി പ്രതിമയിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പുഷ്പാർച്ചന നടത്തുന്നു

# അളവ് തൂക്ക പരാതികളിൽ നിയമാനുസൃത നടപടികൾ വേഗത്തിലാക്കണം: മന്ത്രി ജി ആർ അനിൽ

അളവ്, തൂക്കവുമായി ബന്ധപ്പെട്ട പരാതികളിൽ നിയമാനുസൃത നടപടികൾ വേഗത്തിലാക്കാൻ ലീഗൽ മെട്രോളജി വകുപ്പിന് സാധിക്കണമെന്ന് മന്ത്രി ജി ആർ അനിൽ പറഞ്ഞു.ലീഗൽ മെട്രോളജി വകുപ്പ് ഉപഭോക്തൃ ബോധവൽക്കരണ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

പരിമിതമായ ജീവനക്കാരുടെ കാര്യക്ഷമത ശേഷി വിനിയോഗിച്ചാണ് വകുപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. നിർമാണ, വിൽപ്പന, റിപ്പയർ ലൈസൻസികളുടെ പ്രവർത്തനങ്ങൾ ഊർജിതമാക്കി അളവു തൂക്ക ഉപകരണങ്ങളുടെയും പായ്ക്ക് ചെയ്ത ഉൽപ്പന്നങ്ങളുടെയും കൃത്യത ഉറപ്പു വരുത്തണം. ഭക്ഷ്യസുരക്ഷ ഓഫീസുകളിൽ 69 ലക്ഷം പരാതികൾ ലഭിച്ചിരുന്നു. എന്നാൽ 17000 അപേക്ഷകളൊഴികെ മുഴുവൻ പരിഹരിക്കാൻ പരിമിതമായ ഉദ്യോഗസ്ഥരുടെ മികച്ച പ്രവർത്തനത്തിലൂടെ കഴിഞ്ഞതായി മന്ത്രി പറഞ്ഞു.

പൊതുജനങ്ങളിൽ നേരിട്ടിടപ്പെടുന്ന വകുപ്പെന്ന നിലയിൽലീഗൽ മെട്രോളജി വകുപ്പിന് വലിയ പ്രാധാന്യമുണ്ട്.നവകേരള സദസ്സിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് 46000 പേർക്ക് മുൻഗണന റേഷൻകാർഡ് അനുവദിക്കുകയാണ്. ആധുനിക കാലഘട്ടത്തിൽ ശാസ്ത്ര സാങ്കേതികവിദ്യക്കനുസരിച്ച് നടപടി ക്രമങ്ങൾ ഡിജിറ്റലായി മാറണം. പരാതികളിലും നടപടികളിലും ഒത്തുതീർപ്പുകൾക്കുള്ള അവസരം അതിലൂടെ ഇല്ലാതാക്കണം. 1548 ലൈസൻസികൾ ഇന്ന് നിലവിലുണ്ട്. കൂടുതൽ സജീവമായി അവരെക്കൂടി ഉൾപ്പെടുത്തി ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ ഊർജിതമായി ജനങ്ങളിലേക്കെത്തിക്കണമെന്നും മന്ത്രി പറഞ്ഞു.

പട്ടം ലീഗൽ മെട്രോളജി ഭവനിൽ നടന്ന ചടങ്ങിൽ ഡപ്യൂട്ടി കൺട്രോളർ അബ്ദുൾ ഹഫീസ് അദ്ധ്യക്ഷത വഹിച്ചു. ലീഗൽ മെട്രോളജി കൺട്രോളർ വി കെ അബ്ദുൾ കാദർ, കെ എസ് ഇന്ദുശേഖരൻ നായർ, ആർ റീന ഗോപാൽ എന്നിവർ സംബന്ധിച്ചു

# കന്നിയാത്ര വൈകും; കേരളത്തിൽനിന്ന് അയോധ്യയിലേക്കുള്ള ട്രെയിൻ സർവീസ് ഇന്നില്ല

പാലക്കാട്: കേരളത്തിൽ നിന്ന് അയോധ്യയിലേക്കുള്ള ട്രെയിൻ സർവീസ് വൈകും. ഇന്ന് വൈകുന്നേരം 7.10ന് സർവീസുകൾ ആരംഭിക്കുമെന്നാണ് നേരത്തെ അറിയിച്ചിരുന്നത്. എന്നാൽ അയോധ്യയിൽ ക്രമീകരണങ്ങൾ പൂർത്തിയാകാത്തതിനാലാണ് സർവീസ് നീട്ടിവച്ചത്. ട്രെയിനിലേക്കുള്ള ബുക്കിംഗും ആരംഭിച്ചിരുന്നില്ല.

ഇന്നു വൈകുന്നേരം പുറപ്പെട്ട് മറ്റന്നാൾ വൈകുന്നേരം മൂന്നിന് അയോധ്യയിലെത്തുന്നതായിരുന്നു ട്രെയിനിൻറെ സമയക്രമം. അന്നുതന്നെ തിരിച്ചും പുറപ്പെടുമെന്നായിരുന്നു അധികൃതർ അറിയിച്ചത്. 54 മണിക്കൂർ 50 മിനിറ്റാണ് ട്രെയിനിൻറെ യാത്രാ സമയം. കോയമ്പത്തൂർ വഴിയാണ് സർവീസ്.

ഫെബ്രുവരി നാല്, ഒമ്പത്,14,19, 24, 29 തീയതികളിലും പാലക്കാട്ട് നിന്ന് അയോധ്യയിലേക്ക് സർവീസ് ഉണ്ട്.അതേസമയം, തിരുനെൽവേലിയിൽ നിന്ന് ഫെബ്രുവരി ഒന്നിന് അയോധ്യയിലേക്ക് പുറപ്പെടുന്ന ട്രെയിനിന് കേരളത്തിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം ടൗൺ, ഷൊർണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ സ്റ്റോപ്പുണ്ട്.

അയോധ്യയിലേക്കുള്ള ആസ്ഥ സ്പെഷൽ ട്രെയിനുകളുടെ സർവീസ് അടുത്ത ആഴ്ച മുതൽ ആരംഭിക്കുമെന്നാണ് നിലവിലെ വിവരം. ഫെബ്രുവരി ഒമ്പതിനായിരിക്കും ആദ്യ സർവീസ് ആരംഭിക്കുക.

# വിദ്യാർഥികൾക്കായി മത്സരങ്ങൾ

ചെമ്പഴന്തി ശ്രീനാരായണ അന്തർദേശീയ പഠന തീർത്ഥാടനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആലുവ സർവ്വമത സമ്മേളനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ കോളജ് / സ്കൂൾ വിദ്യാർഥികൾക്കായി 2024 ഫെബ്രുവരി 6 രാവിലെ 10 മണിക്ക് ചെമ്പഴന്തി പഠന കേന്ദ്രത്തിൽ വച്ച് പ്രസംഗ / ഉപന്യാസ / ഗുരുദേവ കൃതികളുടെ ആലാപന മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടുന്നവർക്ക് ക്യാഷ് പ്രൈസ് ഫെബ്രുവരി 17 ന് ചെമ്പഴന്തി ഗുരുകുലം കൺവെൻഷൻ സെന്ററിൽ സംഘടിപ്പിക്കുന്ന മതസൗഹാർദ്ദ സംഗമത്തിന്റെ ഉദ്ഘാടന വേദിയിൽ നൽകും. താൽപര്യമുള്ളവർ താഴെപ്പറയുന്ന നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്. 9847162685, 9387385256, 9995568505.

## വീടുവിട്ടിറങ്ങിയ പെൺകുട്ടിയെ പീഡിപ്പിച്ചു; 24കാരൻ അറസ്റ്റിൽ

കോഴിക്കോട്: കുന്ദമംഗലത്ത് വീടുവിട്ടിറങ്ങിയ പതിനാലുകാരിയെ കൂട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച യുവാവ് പിടിയിൽ. കൊടുവള്ളി സ്വദേശി ടി കെ അജ്മൽ (24) ആണ് പിടിയിലായത്. വെള്ളിയാഴ്ച രാവിലെ 11 മണിയോടെ ഉമ്മയോടു വഴക്കിട്ടാണ് പെൺകുട്ടി വീടുവിട്ടിറങ്ങിയത്. കുന്ദമംഗലം ബസ് സ്റ്റാൻഡിൽ നിന്നും പ്രതി മുൻപരിചയം വച്ച് കുട്ടിയെ കൂട്ടിക്കൊണ്ട് പോയി മുക്കത്തെ വീട്ടിൽ വച്ചു പീഡിപ്പിക്കുകയായിരുന്നു. ഇതിനിടെ കാണാതായ പെൺകുട്ടിയെക്കുറിച്ച് അന്വേഷണം ഊർജിതമാക്കിയിരുന്നു. പെൺകുട്ടിയെ കണ്ടെത്തിയപ്പോഴാണ് പീഡിപ്പിക്കപ്പെട്ട വിവരം പുറത്തറിഞ്ഞത്. ഒരു വർഷം മുമ്പും അജ്മൽ പെൺകുട്ടിക്കു നേരെ ലൈംഗിക അതിക്രമം നടത്തിയിരുന്നതായി പൊലീസ് റിപ്പോർട്ടിൽ പറയുന്നു.

# കോട്ടയത്ത് ലോക്സഭാ സ്ഥാനാർഥിയുടെ ചുവരെഴുത്തിനെ ചൊല്ലി തർക്കം

ഏറ്റുമാനൂർ: ലോക്സഭാ തെരഞ്ഞെടുപ്പു പ്രഖ്യാപനത്തിനും സ്ഥാനാർഥി നിർണയത്തിനും മുമ്പേ തെരഞ്ഞെടുപ്പു ചൂടിലമർന്ന് കോട്ടയം. കാലേകൂട്ടി ചുവരെഴുതി മേൽക്കൈ നേടാനുള്ള ശ്രമത്തിൽ ഗോളടിച്ച് യുഡിഎഫ് മുന്നിലെത്തി നിമിഷങ്ങൾക്കകം എൽഡിഎഫ് മറുഗോളടിച്ചു. ഞായറാഴ്ച തെള്ളകത്ത് യുഡിഎഫ് ചുവരെഴുതി.

സ്ഥാനാർഥിയുടെ പേരോ ചിഹ്നമോ ഏതു നിമിഷവും കൂട്ടിച്ചേർക്കാവുന്ന വിധത്തിലായിരുന്നു ചുവരെഴുത്ത്. ഉടമയുടെ അനുമതിയോടെ എന്ന് പ്രത്യേകം രേഖപ്പെടുത്തിയാണ് ചുവരെഴുത്ത് നടത്തിയത്.

എന്നാൽ തെരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്ഥാനാർഥിയാകുമെന്ന് ഉറപ്പായ തോമസ് ചാഴികാടൻ എംപിയുടെ സഹോദരൻറെ വീടിൻറെ മതിലിലാണ് യുഡിഎഫ് സ്ഥാനാർഥിക്കായി ചുവരെഴുതിയത്. ഇന്നലെ രാവിലെ ഉടമയുടെ പ്രതികരണം വരികയും പ്രതിഷേധം ശക്തമാവുകയും ചെയ്തതോടെ യുഡിഎഫ് എഴുതിയത് മായിച്ചു. തുടർന്നു എൽഡിഎഫ് സ്ഥാനാർഥിക്കായി ചുവരെഴുതി. എംസി റോഡിൽ തെള്ളകത്താണു സംഭവം.

ചാഴികാടൻറെ സഹോദരൻ പയസിൻറെ വീടിൻറെ മതിലിലാണ് യുഡിഎഫ് സ്ഥാനാർഥിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനു തുടക്കം കുറിച്ച് എഴുതിയത്. സ്ഥാനാർഥിയുടെ പേരില്ലാതെയായിരുന്നു ചുവരെഴുത്ത്. പയസ് കുടുംബസമേതം വിദേശത്താണ്. സംഭവം വിവാദമായതോടെ, യൂത്ത്ഫ്രണ്ട്എം സംസ്ഥാന പ്രസിഡൻറ് സിറിയക് ചാഴികാടൻറെ നേതൃത്വത്തിലുള്ള സംഘം ഇന്നലെ സ്ഥലത്തെത്തി. ഇതിനിടെ, പെയിൻറിംഗ് തൊഴിലാളിയെത്തി ഉടമയുടെ അനുവാദത്തോടെ എന്ന ഭാഗം മായ്ച്ചു. പ്രതിഷേധം ശക്തമായതോടെ എഴുതിയ ഭാഗം പൂർണമായും നീക്കി.

പിന്നാലെ എൽഡിഎഫിനായി ചുവരെഴുതുന്നവർ എത്തി കോട്ടയത്തിൻറെ സുവർണ കാലഘട്ടം തുടരട്ടെ, എൽഡിഎഫ് സ്ഥാനാർഥിയെ വിജയിപ്പിക്കുക എന്നെഴുതി. ഉടമയുടെ അനുവാദം വാങ്ങാതെയാണ് ചുവരെഴുതിയതെന്നു ആദ്യം എഴുതിയതും പിന്നീട് മായ്ച്ചതും യുഡിഎഫ് കൗൺസിലറുടെ നേതൃത്വത്തിലാണെന്നു സിറിയക് ചാഴികാടൻ ആരോപിച്ചു.

## സിനിമകളിൽ പുകവലി ദൃശ്യങ്ങൾ: ഹർജിയിൽ വിശദീകരണം തേടി

കൊച്ചി: സിനിമകളിലും ഒടിടി പ്ലാറ്റ്ഫോമുകളിലടക്കം പുകവലി ദൃശ്യങ്ങൾ കാണിക്കുന്നതിനെതിരായ ഹർജിയിൽ ഹൈക്കോടതി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിശദീകരണം തേടി.

പുകയില ഉൽപന്നങ്ങളുടെ പരസ്യം നിരോധിച്ച 2003ലെ നിയമത്തിൻറെയും ഇതിൻറെ തുടർച്ചയായി കഴിഞ്ഞ മെയിൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൻറെയും ലംഘനമാണ് സിനിമയിലെ പുകവലി ദൃശ്യങ്ങളെന്ന് ചൂണ്ടിക്കാട്ടി കേരള വോളണ്ടറി ഹെൽത്ത് സർവീസസ് എന്ന എൻജിഒ നൽകിയ ഹർജിയിലാണ് ജസ്റ്റീസ് ദേവൻ രാമചന്ദ്രൻറെ ഉത്തരവ്. ഇത്തരം ദൃശ്യങ്ങൾ പുകയില ഉൽപന്നങ്ങളുടെ പരസ്യങ്ങളായി മാറുന്നതായി ഹർജിയിൽ പറയുന്നു.

പുകവലിക്കുന്ന കൂട്ടുകാരും നിയന്ത്രണമില്ലാത്ത ലഭ്യതയുമല്ലേ സ്ക്രീനിൽ കാണുന്നതിനേക്കാൾ പുകവലിക്ക് പ്രേരണമാകുന്നതെന്ന് ഹർജി പരിഗണിക്കവേ കോടതി ചോദിച്ചു.

എന്നാൽ, ദൃശ്യങ്ങൾ പ്രദർശിപ്പിക്കുന്നതും അപകടകരമാണെന്നും ഇക്കാര്യത്തിൽ നടപടി ആവശ്യപ്പെട്ട് കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് നിവേദനം നൽകിയിട്ടും നടപടിയില്ലാത്തതിനാലാണ് ഹർജി നൽകിയതെന്നും ഹർജിക്കാർ ചൂണ്ടിക്കാട്ടി.

# നിയമസഭയിൽ രക്തസാക്ഷി ദിനാചരണം നടന്നു

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 76ാം രക്തസാക്ഷിദിനത്തിൽ നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള മഹാത്മാഗാന്ധി പ്രതിമയിൽ നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ പുഷ്പാർച്ചന നടത്തി. ചടങ്ങിൽ രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, നിയമസഭാ സാമാജികരായ എൻ. കെ. അക്ബർ, ഇ. ചന്ദ്രശേഖരൻ, കെ. പി. മോഹനൻ, കെ. വി. സുമേഷ്, തോമസ് കെ. തോമസ്, കെ. എൻ. ഉണ്ണിക്കൃഷ്ണൻ, എം. വിൻസെന്റ്, നിയമസഭാ സെക്രട്ടറിഇൻചാർജ് ഷാജി സി. ബേബി, നിയമസഭ സെക്രട്ടേറിയറ്റ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു. തുടർന്ന് രക്തസാക്ഷി ദിനാചരണത്തോടനുബന്ധിച്ച് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് വീരമൃത്യ വരിച്ചവരെ അനുസ്മരിച്ചുകൊണ്ട് നിയമസഭാ നടപടിക്രമങ്ങൾ നിർത്തിവച്ച് കേരള നിയമസഭ രണ്ട് മിനിറ്റ് മൗനമാചരിച്ചു.

# അനധികൃത സ്വത്തുസമ്പാദനം; ഡോക്ടർക്കു സസ്പെൻഷൻ

ഗാന്ധിനഗർ: അനധികൃത സ്വത്ത് സമ്പാദനത്തിൻറെ പേരിൽ ഡോക്ടറെ സസ്പെൻഡ് ചെയ്തു. കോട്ടയം മെഡിക്കൽ കോളജിലെ യൂറോളജി വിഭാഗം മേധാവി ഡോ. വാസുദേവൻ നമ്പൂതിരിയെയാണ് സസ്പെൻഡ് ചെയ്തത്. മെഡിക്കൽ കോളജ് ഡോക്ടർമാർക്ക് സ്വകാര്യ പ്രാക്ടീസ് അനുവദനീയമല്ലെങ്കിലും ഇദ്ദേഹം സ്വകാര്യ പ്രാക്ടീസ് നടത്തിയിരുന്നു.

ഇതിനെത്തുടർന്ന് കഴിഞ്ഞ മാസം വിജിലൻസ് സംഘം ഡോക്ടറുടെ സ്വകാര്യ പ്രാക്ടീസ് പിടികൂടുകയും ഡോക്ടർക്കെതിരേ കേസ് എടുക്കുകയും ചെയ്തിരുന്നു. തുടർന്ന് അവധിയിലായിരുന്ന ഇദ്ദേഹം കഴിഞ്ഞ ദിവസം ഡ്യൂട്ടിയിൽ പ്രവേശിച്ചിരുന്നു. ഇന്നലെ സസ്പെൻഷൻ ഓർഡർ പ്രഖ്യാപിക്കുമ്പോൾ അദ്ദേഹം മെഡിക്കൽ കോളജിൽ ഡ്യൂട്ടിയിലായിരുന്നു. 12 കോടി രൂപ അനധികൃത സ്വത്ത് സമ്പാദിച്ചുവെന്നാണ് വിജിലൻസ് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. ഇതിൻറെ അടിസ്ഥാനത്തിലാണ് നടപടി.

2013 മുതൽ 2018 വരെ ഇദ്ദേഹം അനധികൃതമായി സ്വത്ത് സമ്പാദനം നടത്തിയെന്നാണ് വിജിലൻസിൻറെ കണ്ടെത്തിൽ. ഇതിൻറെ അടിസ്ഥാനത്തിൽ സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്യണമെന്നായിരുന്നു വിജിലൻസിൻറെ ശിപാർശ. ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറിയാണ് ഉത്തരവിറക്കിയത്. 2022 നവംബറിലാണ് കോട്ടയം മെഡിക്കൽ കോളജിൽ യൂറോളജി വിഭാഗം മേധാവിയായി ചുമതലയേൽക്കുന്നത്.

തിരുവനന്തപുരം മെഡിക്കൽ കോളജില ഒരു രോഗിക്ക് യഥാസമയം വൃക്ക മാറ്റി വയ്ക്കാതിരുന്നതിനെ തുടർന്ന് രോഗി മരണപ്പെട്ടെന്ന ബന്ധുക്കളുടെ പരാതിയിൽ അന്വേഷണം നടത്തുകയും ഡോക്ടർ കുറ്റക്കാരനെന്ന് ബോധ്യപ്പെടുകയും ചെയ്തതിനെ തുടർന്നാണ് കോട്ടയം മെഡിക്കൽ കോളജിലേക്ക് സ്ഥലം മാറ്റിയത്. കോട്ടയം മെഡിക്കൽ കോളജിൽ ചുമതലയേറ്റ ശേഷവും സ്വകാര്യ പ്രാക്ടീസ് നടത്തുന്നുണ്ടായിരുന്നുവെന്ന് രോഗികൾ പറയുന്നു.

## റെവിറ്റ് ആർക്കിടെക്ച്ചർ കോഴ്സ്

തിരുവനന്തപുരം: തിരുവനന്തപുരം എൻജിനീയറിങ് കോളജിലെ (സിഇടി) കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ എസ് എസ് എൽ സി കഴിഞ്ഞവർക്ക് വേണ്ടിയുള്ള 60 മണിക്കൂർ ദൈർഘ്യമുള്ള റെവിറ്റ് ആർക്കിടെക്ച്ചർ (R-E-V-IT A-R-C-H-IT-E-CT-U-R-E) കോഴ്സിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. വിശദവിവരങ്ങൾക്ക്: 9446464673, 7012884675.

# കൊല്ലത്തെ റെയിൽവേ മേൽപ്പാല നിർമാണം: സർക്കാർ മെല്ലെപ്പോക്കിലെന്ന് എംപി

കൊല്ലം: ലോകസഭാ മണ്ഡലത്തിലെ മുഴുവൻ ലെവൽ ക്രോസുകളും മാറ്റി തൽസ്ഥാനത്ത് റെയിൽവേ മേൽപ്പാലങ്ങൾ നിർമിക്കാനുള്ള കാലതാമസം സംസ്ഥാന സർക്കാരിൻറെ മെല്ലെപ്പോക്ക് നയത്തിൻറെ ഭാഗമാണെന്ന് എൻ. കെ. പ്രേമചന്ദ്രൻ എംപി ആരോപിച്ചു.

മണ്ഡത്തിലെ റെയിൽവേ ഗേറ്റ് മൂലമുള്ള ഗതാഗത കുരുക്കിന് പരിഹാരം കാണുന്നതിനായി യഥാസമയം റെയിൽവേയുടെ അനുമതി ലഭ്യമാക്കിയെങ്കിലും തുടർനടപടി സ്വീകരിക്കാൻ സംസ്ഥാന സർക്കാരും സർക്കാർ നിയോഗിച്ച ഏജൻസിയും വരുത്തിയിട്ടുള്ള കാലതാമസം ഗുരുതരമാണെന്ന് എംപി ചൂണ്ടിക്കാട്ടി.

മേൽപ്പാലത്തിന് റെയിൽവേ അനുമതി നൽകിയാൽ ജനറൽ അറേഞ്ച്മെൻറ്ഡ്രോയിംഗ് തയാറാക്കി സമർപ്പിക്കേണ്ടത് സംസ്ഥാന സർക്കാരിൻറെ ഉത്തരവാദിത്വമാണ്. ജിഎഡി റെയിൽവേ അംഗീകരിച്ചാൽ എസ്റ്റിമേറ്റ് തയാറാക്കി നൽകേണ്ടതും ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കേണ്ടതും സംസ്ഥാന സർക്കാരാണ്. ഭൂമി ഏറ്റെടുക്കൽ ഒഴികെ നിർമാണത്തിനുള്ള മുഴുവൻ തുകയുടെയും 50 ശതമാനം കേന്ദ്ര സർക്കാർ വഹിക്കും.

ജിഎഡി തയാറാക്കി നൽകുന്നതിലും ജിഎഡി അംഗീകരിച്ചാൽ എസ്റ്റിമേറ്റ് തയാറാക്കി നൽകുന്നതിലും ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കുന്നതിലും അപ്രോച്ച് റോഡ് നിർമാണത്തിലും ഉത്തരവാദിത്വമുള്ള സംസ്ഥാന സർക്കാർ, അത് നിർവഹിക്കുന്നതിൽ വരുത്തുന്ന ഗുരുതരമായ കാലതാമസം പ്രതിഷേധാർഹമാണെന്നും എംപി പറഞ്ഞു. കല്ലുംതാഴം മേൽപ്പാലത്തിന് റെയിൽവേ അനുമതി നൽകിയത് 2018 ലാണ്. 2023 ൽ മാത്രമാണ് ജിഎഡി നൽകിയത്. ജിഎഡിക്ക് അംഗീകാരത്തിനു വേണ്ടി നടപടി സ്വീകരിക്കുന്നതിൽ കാലതാമസം സംസ്ഥാന സർക്കാരിനുണ്ടായി. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. എസ്എൻ കോളജ് ജംഗ്ഷനിലെ മേൽപ്പാലത്തിന് 201516 ൽ അനുമതി ലഭിച്ചതാണ്. ആറ് വർഷത്തിനു ശേഷം മാത്രമാണ് ജിഎഡി നൽകിയത്. നാളിതുവരെ എസ്റ്റിമേറ്റ് നൽകിയിട്ടില്ല. പോളയത്തോട്ടിൽ 20182019 ൽ റെയിൽവേ അനുമതിയും 2021 ൽ ജിഎഡി അംഗീകാരം നൽകിയെങ്കിലും അനന്തര നടപടി കൾ അനന്തമായി വൈകുന്നതായും എംപി വ്യക്തമാക്കി. കൂട്ടിക്കടയിൽ 201617 ൽ റെയിൽവേ അനുമതിയും 2022ൽ ജിഎഡി അംഗീകാരവും നൽകി. ഭൂമി ഏറ്റെടുക്കൽ ഇപ്പോഴും അനിശ്ചിതാവസ്ഥയിലാണ്. മണിക്കൂറോളം ഗതാഗത കുരുക്ക് ഉണ്ടാകുന്നതും ജനജീവിതം ദുസഹമാകുന്നതുമായ കുണ്ടറ പള്ളിമുക്ക്, ഇളമ്പള്ളൂർ മേൽപ്പാല നിർമാണം അനന്തമായി നീളുകയാണ്.

പള്ളിമുക്ക് റെയിൽവേ മേൽപ്പാലത്തിന് റെയിൽവേ 20122013 ൽ അനുമതി നൽകി. 2017 ൽ ജിഎഡി അംഗീകാരവും നൽകി. 22.96 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റിന് 2019 ൽ അംഗീകാരവും ലഭിച്ചു. സംസ്ഥാന സർക്കാർ ഏജൻസിയായ ആർബിഡിസികെയ്ക്ക് കൈമാറി. എന്നാൽ പാലം നിർമാണത്തിനുള്ള തുടർ നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചില്ല. തുടർന്ന് സംസ്ഥാന സർക്കാർ ഏജൻസിയെ പുനർനിർണയിക്കുകയും കെആർഎഫ്ബിയെ പുതിയ ഏജൻസിയായ നിയോഗിക്കുകയും ചെയ്തു. ഫലത്തിൽ പാലം നിർമാണം ആരംഭിക്കുവാനുള്ള യാതൊരു നടപടിയും സ്വീകരിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടില്ല.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഇ. പി. ജയരാജൻ വധശ്രമ കേസിലെ അറസ്റ്റ്; കെ. സുധാകരൻ നൽകിയ മാനനഷ്ടകേസ് കോടതി തള്ളി

കണ്ണൂർ: ഇ. പി. ജയരാജൻ വധശ്രമക്കേസിൽ അറസ്റ്റ് ചെയ്തതിനെതിരെ 50 ലക്ഷം രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് കെ. സുധാകരൻ എംപി നൽകിയ മാനനഷ്ടക്കേസ് കോടതി തള്ളി. തലശ്ശേരി അഡീഷണൽ സബ് കോടതിയാണ് ഹർജി തള്ളിയത്.

1997ലാണ് കേസിനാസ്പദമായ സംഭവം നടക്കുന്നത്. കണ്ണൂർ എംഎൽഎ ആയിരിക്കെയാണ് ഇ. പി. ജയരാജനെ വധിക്കാൻ ശ്രമിച്ച കേസിൽ ഗൂഢാലോചനക്കുറ്റത്തിന് കെ. സുധാകരൻ അറസ്റ്റിലാകുന്നത്. തുടർന്ന് അറസ്റ്റ് അന്യായമെന്ന് കാട്ടി സുധാകരൻ മാനനഷ്ടക്കേസ് നൽകിയിരുന്നു. അതേസമയം, മാനനഷ്ടക്കേസിൽ കെട്ടിവെക്കേണ്ട 3.43 ലക്ഷം രൂപ നൽകാൻ സുധാകരൻ തയ്യാറായിരുന്നില്ല. ഇത് പാലിക്കാത്ത സാഹചര്യത്തിലാണ് കേസ് കോടതി തള്ളിയത്. നേരത്തെ, സുധാകരൻ നൽകിയ പാപ്പർ ഹർജിയും കോടതി തള്ളിയിരുന്നു.

## ലോകായുക്ത ക്യാമ്പ് സിറ്റിങ്

തിരുവനന്തപുരം: കേരള ലോകായുക്ത 2024 ഫെബ്രുവരി മാസം കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ക്യാമ്പ് സിറ്റിങ് നടത്തും. കണ്ണൂർ ജില്ലയിൽ ഫെബ്രുവരി 20ന് കണ്ണൂർ ഗവ. ഗസ്റ്റ് ഹൗസിൽ ഉപലോകായുക്ത ജസ്റ്റിസ് ഹാറൂൺ അൽ റഷീദ് സിറ്റിങ് നടത്തും. കണ്ണൂരിൽ ഫെബ്രുവരി 21ന് കണ്ണൂർ ഗവ. ഗസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിങ്ങിൽ ജസ്റ്റിസ് സിറിയക് ജോസഫും ഉപലോകായുക്ത ജസ്റ്റിസ് ഹാറൂൺ അൽ റഷീദും ഉൾപ്പെടുന്ന ഡിവിഷൻ ബഞ്ച് സിറ്റിങ് നടത്തും. ഫെബ്രുവരി 22ന് കോഴിക്കോട് ഗവ. ഗസ്റ്റ് ഹൗസിൽ ഡിവിഷൻ ബഞ്ച് സിറ്റിങ് നടത്തും. കോഴിക്കോട് ഗവ. ഗസ്റ്റ് ഹൗസിൽ ഫെബ്രുവരി 23ന് ഉപലോകായുക്ത ജസ്റ്റിസ് ഹാറുൽ അൽ റഷീദ് സിറ്റിങ് നടത്തും.



**ഹയർസെക്കൻഡറി മേഖലയിൽ ടൂറിസം ക്ലബ്ബുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ മാർഗരേഖയ്ക്ക് നിർദേശം നൽകാനുള്ള യോഗത്തിൽ ടൂറിസം മന്ത്രി പി.എ മുഹമ്മദ് റിയാസ്, പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി, പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, ടൂറിസം വകുപ്പ് സെക്രട്ടറി കെ. ബിജു, പൊതുവിദ്യാഭ്യാസ ഡയറക്ടർ ഷാനവാസ്. എസ് എന്നിവർ.**

# ചണ്ഡീഗഡ് മേയർ തെരഞ്ഞെടുപ്പ്; ബിജെപിയെ വിമർശിച്ച് ആം ആദ്മി പാർട്ടി

ചണ്ഡീഗഡ്: ചണ്ഡീഗഡ് മേയർ തെരഞ്ഞെടുപ്പിലെ ബിജെപി വിജയത്തെ രൂക്ഷമായി വിമർശിച്ച് ആം ആദ്മി പാർട്ടി നേതാക്കൾ. തെരഞ്ഞെടുപ്പിൽ എട്ട് വോട്ടുകൾ അസാധുവായതിനെ തുടർന്ന് ബിജെപി സ്ഥാനാർഥി വിജയിക്കുകയായിരുന്നു.

16 വോട്ടുകൾ നേടി ബിജെപിയുടെ മനോജ് സോങ്കറാണു വിജയിച്ചത്. എഎപിക്ക് 12 വോട്ടുകൾ ലഭിച്ചു. ബിജെപിയെ വ!ഞ്ചകരെന്ന് എഎപി നേതാവ് അരവിന്ദ് കേജ്രിവാൾ വിശേഷിപ്പിച്ചപ്പോൾ തെരഞ്ഞെടുപ്പിൽ നടന്നത് ദേശദ്രോഹ നടപടിയാണെന്നാണ് രാഘവ് ഛ!ദ്ദ പറഞ്ഞു.

മേയർ, ഡപ്യൂട്ടി മേയർ, സീനിയർ ഡപ്യൂട്ടി മേയർ എന്നീ മൂന്നു പോസ്റ്റുകളിലേക്കാണ് തെരഞ്ഞെടുപ്പ് നടന്നത്. 35 അംഗ മുനിസിപ്പൽ കോർപറേഷനിൽ എഎപികോൺഗ്രസ് സഖ്യത്തിന് 20 അംഗങ്ങളും ബിജെപിക്ക് 15 അംഗങ്ങളുമാണുണ്ടായിരുന്നത്.

# ഹയർസെക്കൻഡറി മേഖലയിൽ ടൂറിസം ക്ലബ്ബുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ മാർഗരേഖയ്ക്ക് നിർദേശം

തിരുവനന്തപുരം: സംസ്ഥാനത്ത് ഹയർസെക്കൻഡറി മേഖലയിൽ ടൂറിസം ക്ലബ്ബുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ തീരുമാനം. ഇതിനായി സെക്രട്ടറി തലത്തിൽ കമ്മിറ്റി രൂപീകരിച്ച് സമയബന്ധിതമായി മാർഗരേഖ തയ്യാറാക്കാൻ ടൂറിസം മന്ത്രി പി.എ മുഹമ്മദ് റിയാസിൻറെയും പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിയുടെയും നേതൃത്വത്തിൽ നടന്ന യോഗത്തിൽ നിർദേശിച്ചു.

ആദ്യഘട്ടത്തിൽ 25 ഡെസ്റ്റിനേഷനുകൾ ടൂറിസം ക്ലബ്ബ് അംഗങ്ങൾ ദത്തെടുത്ത് പരിപാലിക്കും. ഇവിടെയെത്തുന്ന സഞ്ചാരികളെ സ്വീകരിക്കുക, അവർക്ക് ആവശ്യമുള്ള വിവരങ്ങൾ കൈമാറുക, പ്രശ്നങ്ങൾ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക, സഞ്ചാരികളെ സന്തോഷിപ്പിക്കുന്നതിനായി ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ കലാവിരുന്നുകൾ നടത്തുക, ഹരിതചട്ടം നടപ്പാക്കുക എന്നിങ്ങനെ നിരവധി വിഷയങ്ങളിൽ കാര്യക്ഷമമായി ഇടപെടുന്നതിന് ടൂറിസം ക്ലബ്ബുകൾക്ക് സാധിക്കും.

ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ടൂറിസം ക്ലബ്ബിൻറെ പ്രവർത്തനരീതിയിൽ സംസ്ഥാനത്താകെ ഈ മാതൃക നടപ്പിലാക്കണമെന്ന് ടൂറിസം മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു. ലക്ഷക്കണക്കിന് രൂപയുടെ ചിലവ് വരുന്ന ആക്കുളം പാർക്കിലെ അറ്റകുറ്റപ്പണികൾ ക്ലബ്ബ് അംഗങ്ങൾ തന്നെ കുറഞ്ഞ ചിലവിൽ ചെയ്തു. മാലിന്യ സംസ്കരണം, ഹരിതചട്ടം നടപ്പാക്കൽ, സഞ്ചാരികളെ സ്വീകരിക്കാൻ ഡെസ്റ്റിനേഷൻ ഗൈഡുകൾ എന്നിവ ഫലപ്രദമായി നടപ്പാക്കി. വാരാന്ത്യത്തിൽ വിവിധ കലാപരിപാടികൾ നടപ്പാക്കുകയും ആർട്ടീരിയയിലൂടെ പാർക്കുകൾ മനോഹരമാക്കുകയും ചെയ്തു.

ഇങ്ങനെ സംസ്ഥാനം അനുകരിക്കേണ്ടതായ ഒരു മാതൃക തന്നെ ടൂറിസം ക്ലബ്ബ് അംഗങ്ങൾ ആക്കുളത്ത് നടപ്പാക്കി. പതിനഞ്ചിലധികം വിദ്യാർത്ഥികൾ ഇവിടെ പാർട്ട് ടൈമായി ജോലി ചെയ്തു വരുമാനം കണ്ടെത്തുന്നു. കുട്ടികൾക്കായി ശില്പശാലകൾ സംഘടിപ്പിച്ച് ഒരു കൂട്ടം വിദ്യാർത്ഥികൾ സംരംഭകരാകാനും ശ്രമിക്കുന്നതായി മന്ത്രി പറഞ്ഞു. ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ വഴി ടൂറിസം മേഖലയിൽ സ്റ്റാർട്ടപ്പുകൾ കൊണ്ടുവരുന്നത് സംബന്ധിച്ചും അതിലൂടെ ടൂറിസം മേഖലയ്ക്കുണ്ടാകുന്ന ഗുണങ്ങളെ പറ്റിയും മന്ത്രി വിശദീകരിച്ചു.

# വ്യാപാരിയെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതികൾ അറസ്റ്റിൽ

കായംകുളം: നവകേരള സദസിനോടനുബന്ധിച്ച് മുഖ്യമന്ത്രിയും മറ്റും പോകുന്നത് കാണാൻ കടയുടെ മുന്നിൽ നിന്ന വ്യാപാരിയെ തലയ്ക്കടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതികൾ അറസ്റ്റിൽ. കായംകുളം പത്തിയൂർ എരുവ ഒറകാരിശേരിൽ അബ്ദുൾ വഹാബിനെ മുൻ വൈരാഗ്യം മൂലം കമ്പിയും ചുറ്റികയും ഉപയോഗിച്ച് തലയ്ക്കടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതികളാണ് പിടിയിലായത്.

കായംകുളം പത്തിയൂർ എരുവ പടിഞ്ഞാറ് അശ്വതി ഭവനത്തിൽ ഉണ്ണി എന്നുവിളിക്കുന്ന ഉണ്ണികൃഷ്ണൻ (27), പത്തിയൂർ എരുവ പടിഞ്ഞാറ് കൃഷ്ണാലയം തൈബു എന്നു വിളിക്കുന്ന വിഷ്ണു (26), പത്തിയൂർ എരുവ പടിഞ്ഞാറ് മുറിയിൽ ചേനാത്ത് വടക്കതിൽ ജിതിൻ (22) എന്നിവരെയാണ് കായംകുളം പോലീസ് അറസ്റ്റ് ചെയ്തത്.

സംഭവത്തിനുശേഷം ഒളിവിൽ പ്പോയ പ്രതികളുടെ മൊബൈൽ ടവർ ലൊക്കേഷൻ ഉൾപ്പെടെ പരിശോധിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതികളെ കായംകുളത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നും പിടികൂടിയത്. കേസിൽ അന്തപ്പൻ എന്നുവിളിക്കുന്ന അരുണിനെ ഉൾപ്പെടെയുള്ള പ്രതികളെ പിടി കൂടാനുണ്ടെന്ന് പോലീസ് പറഞ്ഞു. കായംകുളം സി ഐ മുഹമ്മദ് ഷാഫിയുടെ നേതൃത്വത്തിൽ എസ്ഐ ഉദയകുമാർ, പോലീസ് ഉദ്യോഗസ്ഥരായ ദീപക്, ഷാജഹാൻ, പ്രദീപ്, ഫിറോസ് അരുൺ, സബീഷ്, അരുൺ കൃഷ്ണൻ, വിവേക്, ശ്രീരാജ്, ഗോപകുമാർ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. ഇനിയും പിടി കൂടാനുള്ളവർക്കായുള്ള അന്വേഷണം ഊർജിതപ്പെടുത്തിയതായി കായംകുളം പോലീസ് അറിയിച്ചു.

## ഗർഭിണിയെ ഭർത്താവ് ബസിൽനിന്നു തള്ളിയിട്ടു കൊന്നു

ചെന്നൈ: തമിഴ്നാട് ദിണ്ഡിഗലിൽ ഗർഭിണിയെ ഭർത്താവ് ബസിൽനിന്നു തള്ളിയിട്ടു കൊന്നു. അഞ്ചുമാസം ഗർഭിണിയായ വളർമതി (19) ആണ് മരിച്ചത്. ഭർത്താവ് പാണ്ഡ്യനെ (24) പോലീസ് അറസ്റ്റു ചെയ്തു.

അച്ഛൻ സമ്മാനമായി നൽകുന്ന പുതിയ ടൂവീലർ വാങ്ങുന്നതിനായി പോകുന്നതിനിടെയാണ് സംഭവം. മദ്യലഹരിയിലായിരുന്ന പാണ്ഡ്യൻ ഭാര്യയ്ക്കൊപ്പം ബസിലെ പിൻ സീറ്റിലായിരുന്നു ഇരുന്നത്. ഇതിനിടെ ഇവർ തമ്മിൽ വാക്കുതർക്കമുണ്ടാകുകയും പാണ്ഡ്യൻ ഭാര്യയെ തള്ളിയിടുകയുമായിരുന്നു.

പിന്നീട് ഇയാളാണ് ഭാര്യയെ തള്ളിയിട്ടതായി ബസ് ജീവനക്കാരോട് പറഞ്ഞത്. കണ്ടക്ടർ വിവരമറിയിച്ചതിനെ തുടർന്നു ദിണ്ഡിഗൽ പോലീസ് സ്ഥലത്തെത്തിയപ്പോഴേയ്ക്കും യുവതി മരിച്ചിരുന്നു.

മൃതദേഹം പോസ്റ്റ്മോർട്ടത്തിനുശേഷം ബന്ധുകൾക്ക് വിട്ടുനൽകി. എട്ട് മാസം മുൻപായിരുന്നു ഇവരുടെ വിവാഹം.

# വടക്കഞ്ചേരി ദേശീയപാതയോര വീടുകളിലെ കവർച്ച: രണ്ടുപേർ അറസ്റ്റിൽ

വടക്കഞ്ചേരി: ദേശീയപാതയോരങ്ങളിലെ വീടുകളിലെ കവർച്ചാ കേസിൽ മുഖ്യപ്രതികൾ പിടിയിലായി.

മലപ്പുറം തേഞ്ഞിപ്പാലം സൈനുദ്ദീൻ (42), മലപ്പുറം ചിറകര മുസ്താക് (38) എന്നിവരെയാണ് പിടികൂടിയത്.

കേസുമായി ബന്ധപ്പെട്ട് നേരത്തെ മലപ്പുറം സ്വദേശി മുഹമ്മദ് സിനാ (21) നെ ഇക്കഴിഞ്ഞ 14 ന് അറസ്റ്റു ചെയ്തിരുന്നു.

ഇയാളിൽ നിന്നാണ് മുഖ്യ പ്രതികളെക്കുറിച്ച് പോലീസിനു സൂചന ലഭിച്ചത്. വടക്കഞ്ചേരി മേഖലയിൽ ചുവട്ടുപാടത്തും അണക്കപ്പാറയിലുമാണ് പൂട്ടിക്കിടന്നിരുന്ന വീടുകൾ കുത്തിത്തുറന്ന് സംഘം കവർച്ച നടത്തിയത്. ചുവട്ടുപാടത്ത് പുതിയേടത്ത് ജോജി അബ്രഹാമിൻറെ വീട് കുത്തിതുറന്ന് 20, 000 രൂപയും 10 പവൻ സ്വർണാഭരണങ്ങളും കവർന്നിരുന്നു.

കഴിഞ്ഞ ക്രിസ്മസ് രാത്രിയായിരുന്നു ഈ കവർച്ച. അണക്കപ്പാറയിൽ സഹോദരങ്ങളായ മാധവനിവാസിൽ സുരേഷ് കുമാർ, ദേവദാസ് എന്നിവരുടെ വീടുകൾ കുത്തിത്തുറന്ന് നാലുപവനും ഏഴായിരം രൂപയുമാണ് കവർന്നത്.

ഡിസംബർ 11നായിരുന്നു ഈ മോഷണം. യുവാക്കളുടെ പേരിൽ വിവിധ സ്റ്റേഷനുകളിലായി നിരവധി കേസുകൾ നിലവിലുണ്ടെന്ന് പോലീസ് പറഞ്ഞു. യുവാക്കളെ വീടുകളിലെത്തിച്ച് തെളിവെടുപ്പു നടത്തി. വടക്കഞ്ചേരി സിഐ കെ. പി. ബെന്നി, എസ്ഐ ജീഷ്മോൻ വർഗീസ്, ഗ്രേഡ് എസ്ഐ സന്തോഷ്, എഎസ്ഐ ദേവദാസ്, എസ്സിപിഒ പ്രതീഷ്, സിപിഒ ബാബു, ക്രൈം സ്ക്വാഡ് അംഗങ്ങളായ കൃഷ്ണദാസ്, ബ്ലസൻ ജോസ്, യു. സൂരജ്ബാബു, ദിലീപ്, റിനു മോഹൻ, വിനു എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതികളെ പിടികൂടിയത്.

## ഇന്ത്യൻ ക്രിക്കറ്റ് താരം മായങ്ക് അഗർവാൾ ആശുപത്രിയിൽ

അഗർത്തല: ഇന്ത്യൻ ക്രിക്കറ്റ് താരവും കർണാടക രഞ്ജി ട്രോഫി ടീം ക്യാപ്റ്റനുമായ മായങ്ക് അഗർവാളിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായി റിപ്പോർട്ട്. വിഷലിപ്ദമായ വെള്ളം കുടിച്ചത് കാരണം തൊണ്ടയ്ക്കും വായ്ക്കും പൊള്ളലേറ്റതായാണ് പ്രാഥമിക നിഗമനം.

ചൊവ്വാഴ്ചയാണ് സംഭവം. ഡൽഹിയിലേക്കുള്ള വിമാനയാത്രക്കിടെ ആരോഗ്യ പ്രശ്നങ്ങൾ അനുഭവപ്പെട്ട അഗർവാളിനെ ഉടനടി ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു. നിലവിൽ ഐസിയുവിൽ കഴിയുന്ന താരം അപകടനില തരണം ചെയ്തിട്ടില്ല.

കർണാടക രഞ്ജി ടീം നായകനായ മായങ്ക് അഗർവാൾ ടീമിനൊപ്പം രാജ്കോട്ടിൽ ചേരാനുള്ള യാത്രക്കിടെയാണ് സംഭവം ഉണ്ടാകുന്നത്. ഇതോടെ സൗരാഷ്ട്രയ്ക്കെതിരേയുള്ള മത്സരത്തിൽ താരം ഉണ്ടാകാൻ സാധ്യതയില്ലെന്ന് കർണാടക ക്രിക്കറ്റ് അസോസിയേഷൻ വ്യക്തമാക്കി.

## സർട്ടിഫിക്കറ്റ് പരിശോധന

തിരുവനന്തപുരം: സ്പെഷ്യൽ K.Tet ഓഗസ്റ്റ് 2023 വിജ്ഞാപന പ്രകാരം തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസിനു കീഴിലുള്ള പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷ എഴുതി വിജയിച്ച പരീക്ഷാർത്ഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന ഫെബ്രുവരി 1, 2 തീയതികളിൽ രാവിലെ 10.30 മുതൽ 3.30 വരെ തിരുവനന്തപുരം എസ്.എം.വി. ഗവ. മോഡൽ എച്ച്.എസ്.എസിൽ നടക്കും. അസൽ സർട്ടിഫിക്കറ്റുകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി പരീക്ഷാർത്ഥികൾ എത്തണമെന്ന് തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചു.

# കുടുംബശ്രീ അർബൻ ലേണിങ്ങ് ഇൻറേൺഷിപ് പ്രോഗ്രാം: രണ്ടാം ബാച്ചിന് ഏകദിന പരിശീലനം

തിരുവനന്തപുരം: കുടുംബശ്രീ അർബൻ ലേണിങ്ങ് ഇൻറേൺഷിപ് പ്രോഗ്രാമിൻറെ ഭാഗമായി തിരഞ്ഞെടുത്ത രണ്ടാം ബാച്ചിനുള്ള ഏകദിന പരിശീലന പരിപാടി തൈക്കാട് കേരള സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിൽ സംഘടിപ്പിച്ചു. കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയുടെ ഭാഗമായാണ് ഇൻറേൺഷിപ് പ്രോഗ്രാം. എൻ.യു.എൽ.എം പദ്ധതി വഴി സംസ്ഥാനത്തെ നഗരമേഖലയിലുണ്ടായ പുരോഗതിയും നേട്ടങ്ങളും വിലയിരുത്തുന്നതിനൊപ്പം പദ്ധതിപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നൂതന മാർഗങ്ങൾ കണ്ടെത്തുകയാണ് പ്രോഗ്രാമിൻറെ ലക്ഷ്യം.

പരിശീലനത്തിൽ 23 പേർ പങ്കെടുത്തു. ഇവർ ഫെബ്രുവരി ഒന്നു മുതൽ സംസ്ഥാനത്തെ വിവിധ നഗരസഭകളിൽ ഇൻറേൺഷിപ്പിനായി പ്രവേശിക്കും. ഇൻറേൺഷിപ് കാലയളവിൽ കുടുംബശ്രീ നൽകുന്ന മൂന്നു പ്രധാന വിഷയങ്ങളെ അടിസ്ഥാനമാക്കി ഇവർ തയ്യാറാക്കുന്ന റിപ്പോർട്ട് പിന്നീട് കേന്ദ്ര സർക്കാരിന് സമർപ്പിക്കും. രാജ്യമൊട്ടാകെ നടപ്പാക്കുന്ന പദ്ധതിയെ കുറിച്ചും സംസ്ഥാനത്ത് നഗരദാരിദ്ര്യ നിർമാർജനത്തിൽ പദ്ധതി വഹിച്ച പങ്കിനെ കുറിച്ചും ആഴത്തിൽ പഠിക്കാനുമുള്ള മികച്ച അവസരമാണ് ഇൻറേൺഷിപ്പിനെത്തുന്നവർക്ക് ലഭിക്കുക. കൂടാതെ കുടുംബശ്രീയും നഗരസഭകളുമായുള്ള വിവിധ സംയോജന മാതൃകകളെ കുറിച്ചും പഠിക്കാനുള്ള അവസരവും ലഭ്യമാകും.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക് പരിശീലനാർത്ഥികളോട് ഓൺലൈനായി സംവദിച്ചു. അർബൻ പ്രോഗ്രാം ഓഫീസർ ജഹാംഗീർ എസ് കുടുംബശ്രീയെ സംബന്ധിച്ചും നഗരമേഖലകളിൽ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളെ കുറിച്ചും വിശദീകരിച്ചു.

ഒരു നഗരസഭയിൽ ഒരാൾ വീതം കേരളത്തിലെ 93 നഗരസഭകളിലും കുടുംബശ്രീ സംസ്ഥാനമിഷനിൽ മൂന്നു പേർക്കുമാണ് ഇൻറേൺഷിപ്പിന് അവസരം. ആദ്യബാച്ചിൽ ഉൾപ്പെട്ട 24 പേർ ഇപ്പോൾ സംസ്ഥാനത്തെ വിവിധ നഗരസഭകളിൽ പ്രവർത്തിച്ചു വരികയാണ്. എൻ.യു.എൽ.എം സ്റ്റേറ്റ് മിഷൻ മാനേജർമാരായ സുധീർ കെ.ബി, ബീന ഇ, പൃഥിരാജ്, നിശാന്ത് ജി.എസ്, മേഘ്ന എസ് പങ്കെടുത്തു.

# വിലയിടിച്ചുതന്നെ റബർബോർഡ് സഹായം

കോട്ടയം: റബർ വിദേശവില ബങ്കോക്കിൽ ഇന്നലെ 178 രൂപയിലേക്ക് ഉയർന്നിട്ടും മാർക്കറ്റ് സൂചിക കണക്കാക്കി റബർ ബോർഡ് ആഭ്യന്തരവില ഉയർത്തുന്നില്ല. കഴിഞ്ഞ നാലു മാസം വിദേശവിലയേക്കാൾ കിലോയ്ക്ക് 10 രൂപ ഉയരത്തിലായിരുന്നു ആഭ്യന്തരവില. വിദേശവില ഉയർന്നപ്പോൾ ആഭ്യന്തരവിലയിൽ പത്തു രൂപയുടെ താഴ്ചയാണുണ്ടായിരിക്കുന്നത്. വിദേശത്തും സ്വദേശത്തും ഉത്പാദനം അതിവേഗം കുറഞ്ഞുകൊണ്ടിരിക്കെയാണ് റബർ ബോർഡ് വ്യവസായികളെ മാത്രം ആശ്രയിച്ച് വില നിശ്ചയിക്കുന്നത്.

ശനിയാഴ്ച റബർ ബോർഡ് പ്രഖ്യാപിത വിലയെക്കാൾ രണ്ടു രൂപ കൂട്ടി 167 രൂപയ്ക്കുവരെ മുൻനിര വ്യാപാരികൾ ഷീറ്റ് വാങ്ങാൻ തയാറായി. ഇന്നലെയും ഇതേ നിരക്കിൽ ചരക്കു വാങ്ങിയിട്ടും ബോർഡ് വിലയിൽ കാര്യമായ വർധനവില്ല. വ്യവസായികൾ മാർക്കറ്റ് വിട്ടുനിന്ന് വില താഴ്ത്താനുള്ള നീക്കം സജീവമാണ്. ചൂട് കുത്തനെ ഉയരുന്നതിനാൽ ഫെബ്രുവരിവരെ ടാപ്പിംഗ് നീളില്ല. റബർ ബോർഡിൻറെ ക്ലോൺ പരീക്ഷണത്തിൽ ആർആർഐഐ 400 സീരീസ് ക്ലോണുകൾ ബോർഡ് അവകാശപ്പെട്ട നേട്ടങ്ങളൊന്നും നൽകുന്നില്ലെന്നതും ഉത്പാദനം കുറയാൻ കാരണമായി.

കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നാണ് 400 ക്ലോൺ നേട്ടം തരാത്തതെന്നും വരുംവർഷങ്ങളിൽ ചൂടുകൂടിയാൽ കൂടുതൽ പ്രതിസന്ധിയുണ്ടാകുമെന്നും വിദഗ്ധർ പറയുന്നു. റബർ ബോർഡ് ക്ലോണുകളിൽ ആർആർഐഐ 105 ക്ലോൺ തന്നെയാണ് ശരാശരി ഉത്പാദനം എല്ലാ കാലാവസ്ഥയിലും എല്ലാ മാസങ്ങളിലും നൽകുന്നതെന്നും കർഷകർ പറയുന്നു.

## പുന്നലത്തുപടിയിൽ വീണ്ടും അപകടം, നഷ്ടമായതു രണ്ട് ജീവനുകൾ

പത്തനംതിട്ട: ടികെ റോഡിൽ പത്തനംതിട്ട പുന്നലത്തുപടിയിൽ ഇന്നലെ രാവിലെ ഉണ്ടായ അപകടം നാടിനെ നടുക്കി. രാവിലെ 6.45 ഓടെ സമീപ പ്രദേശത്തുള്ളവർ പലരും ഭയങ്കരശബ്ദം കേട്ടാണ് ഞെട്ടി ഉണർന്നത്. നേരം പുലർന്നതേ ഉള്ളായിരുന്നുവെന്നതിനാൽ എന്താണ് സംഭവമെന്നു പലർക്കും മനസിലായില്ല.

ടികെ റോഡിൻറെ അരികിൽ താമസിക്കുന്നവരും തൊട്ടടുത്തുള്ളവരുമൊക്കെ ശബ്ദം കേട്ട് റോഡിലേക്ക് ഓടിയെത്തുകയായിരുന്നുവെന്നു നാട്ടുകാർ പറഞ്ഞു. നാട്ടുകാരെത്തുന്പോഴേക്കും രണ്ടുപേർ റോഡിൽ ചിതറി കിടക്കുന്നതാണ് കണ്ടത്. മിനി ലോറിയും ചരക്ക് ലോറിയും നേർക്കുനേർ കൂട്ടിയിടിച്ചാണ് അപകടമുണ്ടായത്. രണ്ടു വാഹനങ്ങളിലെയും ഡ്രൈവർമാർ തൽക്ഷണം മരിച്ചു.

മിനി ലോറി ഡ്രൈവർ പുന്നപ്ര തെക്ക് പുതുവൽ വീട്ടിൽ അഖിൽ കുമാർ (26), ചരക്ക് ലോറി ഡ്രൈവർ നീലഗിരി കുളക്കൊമ്പിൽ എസ്റ്റേറ്റിൽ അജിത്കുമാർ (39) എന്നിവരാണ് മരിച്ചത്. മിനിലോറിയിലുണ്ടായിരുന്ന കായംകുളം മുതുകുളം സ്വദേശി സുർജിത്തിനെ ഗുരുതര പരിക്കുകളോടെ ആശുപത്രിയിലുമാക്കി. കൂട്ടിയിടിയുടെ ആഘാതത്തിൽ വാഹനങ്ങൾ നിയന്ത്രണം വിട്ടു. ചരക്ക് ലോറി സമീപത്തെ വീടിൻറെ മതിലിൽ ഇടിച്ചു മറിയുകയും ചെയ്തു. മിനി ലോറിയും പൂർണമായി തകർന്നു. ലോറിയിലെ പച്ചക്കറിയും മിനി ലോറിയിലെ ലൈറ്റ് ആൻഡ് സൗണ്ട് ഉപകരണങ്ങളും റോഡിലാകെ ചിതറികിടക്കുകയായിരുന്നു. അഖിലിനെയും അജിത്തിനെയും റോഡിൽ തെറിച്ചു വീണ നിലയിലാണ് കണ്ടെത്തിയത്.

# സ്ഥാനാർഥികളെ പ്രഖ്യാപിച്ച് എസ്പി, അഖിലേഷിൻെറ നീക്കം കോൺഗ്രസുമായി ചർച്ച നടക്കുന്നതിനിടെ

ന്യൂഡൽഹി: കോൺഗ്രസുമായുള്ള സീറ്റ് വിഭജന ചർച്ചകൾക്കിടയിൽ സമാജ്വാദി പാർട്ടി (എസ്പി) ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള സ്ഥാനാർഥികളെ പ്രഖ്യാപിച്ചു. ആദ്യ ഘട്ടത്തിൽ 16 സ്ഥാനാർഥികളുടെ പട്ടികയാണ് എസ്പി പുറത്തുവിട്ടത്.

പാർട്ടിക്ക് നല്ലതെന്ന് തോന്നുന്നത് ചെയ്യുമെന്ന് സ്ഥാനാർഥികളെ പ്രഖ്യാപിച്ചുകൊണ്ട് എസ്പി അധ്യക്ഷൻ അഖിലേഷ് യാദവ് പറഞ്ഞു. ഇക്കാര്യത്തിൽ കോൺഗ്രസിൻറെ അനുമതി ആവശ്യമില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

അഖിലേഷിൻറെ ഭാര്യ ഡിംപിൾ യാദവിനെയും ധർമ്മേന്ദ്ര യാദവിനെയും ഉൾപ്പെടുത്തിയാണ് പട്ടിക പ്രഖ്യാപിച്ചിരിക്കുന്നത്. ഡിംപിൾ യാദവ് മെയ്ൻപുരിയിൽ ജനവിധി തേടും. ബദായൂവിൽ ധർമ്മേന്ദ്ര യാദവും മത്സരിക്കും. സമാജ് വാദി പാർട്ടിയുടെ ശക്തി കേന്ദ്രങ്ങളിലാണ് സ്ഥാനാർഥികളെ പ്രഖ്യാപിച്ചത്.

80 സീറ്റുകളുള്ള ഉത്തർപ്രദേശിൽ 11 സീറ്റുകളാണ് അഖിലേഷ് യാദവ് കോൺഗ്രസിന് വാഗ്ദാനം ചെയ്തിരിക്കുന്നത്.

അഖിലേഷിൻറെ നീക്കം കോൺഗ്രസിനും ഇന്ത്യാ സഖ്യത്തിനും വൻ തിരിച്ചടിയാണ് ഉണ്ടാക്കിയിരിക്കുന്നത്. നേരത്തെ പശ്ചിമ ബംഗാളിൽ തൃണമൂൽ കോൺഗ്രസും പഞ്ചാബിൽ ആം ആദ്മി പാർട്ടിയും ഒറ്റയ്ക്കു മത്സരിക്കുമെന്ന് വ്യക്തമാക്കിയിരുന്നു. ഇതിനിടെ ഇന്ത്യാ സഖ്യത്തിൻറെ ഭാഗമായിരുന്ന നിതീഷ് കുമാർ ബിഹാറിൽ കൂറുമായി എൻഡിഎയ്ക്കൊപ്പം ചേർന്ന് വീണ്ടും മുഖ്യമന്ത്രിയായതും പ്രതിപക്ഷത്തെ ഞെട്ടിച്ചിരിക്കുകയാണ്.